# മയ്യിത്ത്

## സംസ്കരണം

### സചിത്ര വിവരണം

WISDOM YOUTH

ഏറെ ലളിതമാണ് ഇസ്‌ലാമിലെ മരണാനന്തര മുറകൾ. ജനാസ സംസ്‌കരണം എന്നത് ഏതെങ്കിലും ചില വ്യക്തികൾ മാത്രം ചെയ്യേണ്ടതോ ചിലർക്ക് മാത്രം സാധിക്കുന്നതോ ആയ ഒരു കാര്യമല്ല, മനസ്സ് വെച്ചാൽ ഏതൊരാൾക്കും നിർവഹിക്കാൻ കഴിയുന്ന പ്രവർത്തനമാണ്. കൃത്യമായ അറിവില്ലായ്മയും, മടിയും, ഭയവുമാണ് പലരെയും ഇതിൽ നിന്നും പിന്തിരിപ്പിക്കുന്നത്. ഒരു വ്യക്തി മരണാസന്നമാകുന്ന സന്ദർഭം മുതൽ ക്വബ്‌റിൽ മറമാടുന്നത് വരെയുള്ള കർമങ്ങൾ ഏതൊരു സാധാരണക്കാരനും നിർവഹിക്കാൻ സാധിക്കുന്ന രൂപത്തിൽ വളരെ ലളിതമായി വിവരിക്കാനുള്ള എളിയ ശ്രമമാണ് ഇത്. സംശയ നിവാരണങ്ങൾക്കും കൃത്യമായ പഠനത്തിനുമായി ഓഡിയോ സ്ഥലങ്ങളിലും വീഡിയോ ലിങ്കുകൾ കൂടി ചേർത്തിട്ടുണ്ട്. അവയിൽ ക്ലിക്ക് ചെയ്താൽ വീഡിയോ കാണാൻ സാധിക്കും. റഫറൻസിനായി ഹദീസുകളും, പ്രാർഥനകളും അവയുടെ അർഥവും കൂടി ഉൾപെടുത്തിയിട്ടുണ്ട്. അല്ലാഹു ഇതൊരു സത്കർമമായി സ്വീകരിക്കട്ടെ, ആമീൻ

**സഫീർ അൽ ഹികമി**

WISDOM YOUTH

﴿كُلُّ نَفۡسٖ ذَآئِقَةُ ٱلۡمَوۡتِ﴾

ഏതൊരു ദേഹവും മരണം
ആസ്വദിക്കുക തന്നെ ചെയ്യുന്നതാണ്

[البَقَرَة : 185]

എന്ന്
?

ആര്
?

എങ്ങിനെ
?

ഇതെല്ലാം അല്ലാഹുവിന് മാത്രമേ അറിയൂ

WISDOM YOUTH

എപ്പോഴും കടന്നു വരാവുന്ന മരണത്തെ
നാം പ്രതീക്ഷിക്കുക തന്നെ വേണം.

---

അതുകൊണ്ട് തന്നെ മരണാസന്ന സമയത്തും
മരിച്ച ഉടനെയും ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
ഓരോ വിശ്വാസിയും

# അറിഞ്ഞിരിക്കേണ്ടതാണ്.

---

WISDOM YOUTH

# മരണാസന്നനായ വ്യക്തി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

# മരണാസന്നനായ വ്യക്തി

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. നേരത്തേ തന്നെ വസ്വിയ്യത് എഴുതി വെക്കണം
2. കടം ഉണ്ടെങ്കിൽ എഴുതി വെക്കുകയോ മറ്റാരോടെങ്കിലും അറിയിക്കുകയോ ചെയ്യണം
3. അല്ലാഹുവിന്റെ ശിക്ഷയെ കുറിച്ചുള്ള ഭയവും സ്വർഗം ലഭിക്കാനുള്ള പ്രതീക്ഷയും ഒരുപോലെ ഉണ്ടാകണം

WISDOM YOUTH

# മരണാസന്നനായ വ്യക്തി

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

4. അല്ലാഹുവെ കുറിച്ച് നല്ല വിചാരം ഉണ്ടാകണം
5. ശാപവാക്കുകളും അനാവശ്യ വാക്കുകളും പറയരുത്

WISDOM YOUTH

# മരണാസന്നനായ വ്യക്തിയുടെ ചുറ്റുമുള്ളവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

# മരണാസന്ന സമയത്ത്

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. മരണാസന്നനായ വ്യക്തിക്ക് തൽക്വീൻ (ലാ ഇലാഹ ഇല്ലല്ലാഹ്) ചൊല്ലി കൊടുക്കുക.

2. അയാൾക്ക് വേണ്ടി പ്രാർഥിക്കുക. അവിടെ വെച്ച് നല്ലത് മാത്രം സംസാരിക്കുക.

WISDOM YOUTH

# മരണപ്പെട്ട വ്യക്തിയുടെ ചുറ്റുമുള്ളവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. മരണാസന്നമായ സമയത്തോ മരിച്ചു കഴിഞ്ഞാലോ അവിടെ വെച്ച് യാസീനോ മറ്റു സൂറതുകളോ ഓതാൻ പ്രമാണങ്ങളിൽ യാതൊരു തെളിവും ഇല്ല

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

2

മരണാസന്നമായ സമയത്തോ മരിച്ചു കഴിഞ്ഞാലോ ആ വ്യക്തിയെ ക്വിബ്‌ലക്ക് നേരെ തിരിച്ചു കിടത്താനും പ്രമാണങ്ങളിൽ യാതൊരു തെളിവും ഇല്ല,

വീടിന്റെ സൗകര്യം അനുസരിച്ച് ഏത് ഭാഗത്തേക്ക് വേണമെങ്കിലും തിരിച്ചു കിടത്താം

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

3 ജനാസയുടെ കാര്യത്തിൽ ധൃതി കാണിക്കുക, കാര്യങ്ങൾ വേഗത്തിൽ നടത്തുക

4 മരണപ്പെട്ട നാട്ടിൽ തന്നെ മറമാടാൻ ശ്രദ്ധിക്കുക

WISDOM YOUTH

# ജനാസയുടെ കർമങ്ങൾ വേഗത്തിലാക്കണം

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ عَنِ النَّبِيِّ ﷺ قَالَ :

"أَسْرِعُوا بِالْجِنَازَةِ، فَإِنْ تَكُ صَالِحَةً فَخَيْرٌ تُقَدِّمُونَهَا، وَإِنْ يَكُ سِوَى ذَلِكَ فَشَرٌّ تَضَعُونَهُ عَنْ رِقَابِكُمْ "

(البخاري : 1315)

**"നിങ്ങൾ ജനാസയുമായി ധൃതിപ്പെടുക, നിശ്ചയം മരണപ്പെട്ടത് നല്ല വ്യക്തിയാണെങ്കിൽ നിങ്ങൾ അതിനെ മുന്തിക്കുന്നതാണ് നല്ലത്, ഇനി മരണപ്പെട്ടത് അപ്രകാരം അല്ലെങ്കിൽ അതിനെ നിങ്ങളുടെ ചുമലിൽ ഏറ്റി വെക്കുന്നത് മോശമാണ്"**

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

5

മരിച്ച വ്യക്തിക്ക് **കടം** ഉണ്ടെങ്കിൽ വാങ്ങിയവർ **പൊരുത്തപ്പെട്ട്** കൊടുക്കുകയോ, അല്ലെങ്കിൽ ആരെങ്കിലും വീട്ടാൻ വേണ്ടി **ഏറ്റെടുക്കുകയോ** ചെയ്യുക

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

6 മരിച്ച വ്യക്തിയുടെ മുഖം അവസാനമായി ഒന്ന് കാണൽ അനുവദനീയമാണ്
അത് പ്രത്യേകം പുണ്യമുള്ള കാര്യമല്ല

7 പ്രിയപ്പെട്ടർക്ക് മയ്യിതിന്റെ മുഖത്ത് നെറ്റിയിൽ ചുംബനം നൽകൽ അനുവദനീയമാണ്

WISDOM YOUTH

# സ്ത്രീകൾ പരപുരുഷന്മാരുടെ മയ്യിത് കാണൽ

- സ്ത്രീകളും പുരുഷന്മാരും പരസ്പരം കാണുന്ന വിഷയത്തിൽ അവർ **ജീവിച്ചിരിക്കുമ്പോഴും മരണപ്പെട്ടാലും ഒരുപോലെയാണ്**
- പരപുരുഷന്മാർക്ക് മുമ്പിൽ **പരിപൂർണ ഹിജാബിൽ** നടന്നിരുന്ന ഒരു സ്ത്രീയെ മരണ ശേഷം മറ്റ് പുരുഷന്മാരെ **കാണാൻ അനുവദിക്കുന്നത് ശരിയല്ല**

YouTube




017 അന്യ സ്ത്രീ പുരുഷന്മാരുടെ മയ്യിത്ത് കാണാമോ Muhammed Swadiq Madeeni Al Ijaba #17

Alijaba • 225 views • 1 year ago

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

8 കുടുംബക്കാർ ആർത്തട്ടഹസിച്ച് കരയൽ നിഷിദ്ധമാണ്
അത് ജാഹിലിയ്യ കാലത്തെ രീതിയാണ്

9 മുഖത്തടിക്കുക, നെഞ്ചത്തടിച്ചു കരയുക, മുടി പറിച്ച് കളയുക തുടങ്ങിയ കാര്യങ്ങൾ ചെയ്യലും നിഷിദ്ധമാണ്

WISDOM YOUTH

# മരണ വീട്ടിൽ ബന്ധുക്കൾ അലമുറയിടരുത്

عَنْ عَبْدِ اللَّهِ ، قَالَ :قَالَ رَسُولُ اللَّهِ ﷺ :

"لَيْسَ مِنَّا مَنْ ضَرَبَ الْخُدُودَ، أَوْ شَقَّ الْجُيُوبَ، أَوْ دَعَا بِدَعْوَى الْجَاهِلِيَّةِ"

(مسلم : 103)

**"വസ്ത്രം കീറുകയും, മുഖത്തടിക്കുകയും, അജ്ഞാന കാലത്തെ വിളികൾ നടത്തുകയും ചെയ്യുന്നവർ നമ്മിൽ പെട്ടവരല്ല"**

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

10 എല്ലാവരും അല്ലാഹുവിന്റെ വിധിയിൽ **ക്ഷമിക്കുക**

11 ഭർത്താവ് മരിച്ചാൽ **ഭാര്യ** അറബി മാസം അനുസരിച്ച് **നാല് മാസവും പത്ത് ദിവസവും ഇദ്ദ ഇരിക്കണം**

12 മറ്റുള്ളവർക്ക് **മൂന്ന് ദിവസം** വരെ **ദുഃഖാചരണം** ആകാവുന്നതാണ്

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

13 മരണപ്പെട്ട വ്യക്തിയുടെ കുടുംബക്കാരെ ആശ്വസിപ്പിക്കുക

14 വീട്ടുകാർക്ക് ഭക്ഷണം എത്തിച്ചു കൊടുക്കുക

15 മറമാടൽ വരെ മരണാനന്തര കർമങ്ങളിൽ സാക്ഷ്യം വഹിക്കുക

WISDOM YOUTH

# ജനാസയുടെ എല്ലാ കാര്യങ്ങൾക്കും സാക്ഷ്യം വഹിച്ചവർക്ക് വമ്പിച്ച പ്രതിഫലമാണ് ലഭിക്കുന്നത്

عن أبي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ :قَالَ رَسُولُ اللَّهِ ﷺ : "مَنْ شَهِدَ الْجَنَازَةَ حَتَّى يُصَلِّيَ فَلَهُ قِيرَاطٌ، وَمَنْ شَهِدَ حَتَّى تُدْفَنَ كَانَ لَهُ قِيرَاطَانِ" قِيلَ :وَمَا الْقِيرَاطَانِ ؟ قَالَ : "مِثْلُ الْجَبَلَيْنِ الْعَظِيمَيْنِ" (البخاري : 1325)

"നിസ്കരിക്കും വരെ ഒരു ജനാസക്ക് സാക്ഷ്യം വഹിച്ചവന് ഒരു ക്വീറാത്വ് പ്രതിഫലമുണ്ട്, മറമാടും വരെ സാക്ഷ്യം വഹിച്ചവന് 2 ക്വീറാത്വുകൾ ഉണ്ട്" 'എന്താണ് 2 ക്വീറാത്വുകൾ' എന്ന് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ പറഞ്ഞു :
"2 വലിയ പർവതങ്ങൾക്ക് തുല്യമായത്"

WISDOM YOUTH

# മരണം സംഭവിച്ചു കഴിഞ്ഞാൽ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

16 മരണപ്പെട്ട വ്യക്തിയെ കുറിച്ച് നല്ലത് മാത്രം പറയുക

WISDOM YOUTH

# മരിച്ച വ്യക്തിയെ കുറിച്ച് നന്മ മാത്രം പറയണം

- ഒരിക്കൽ നബി ﷺ യുടെ അടുക്കൽ കൂടി ഒരു ജനാസ കൊണ്ടു പോയപ്പോൾ കൂടെയുള്ളവർ നല്ലത് പറയുകയും മറ്റൊരു ജനാസ കൊണ്ടു പോയപ്പോൾ അവർ മോശം പറയുകയും ചെയ്തു
- രണ്ടു സന്ദർഭങ്ങളിലും നബി ﷺ നിർബന്ധമായി (وَجَبَتْ) എന്ന് പറഞ്ഞു
- കാരണം അന്വേഷിച്ചപ്പോൾ നബി ﷺ പറഞ്ഞു :

"هَذَا أَثْنَيْتُمْ عَلَيْهِ خَيْرًا فَوَجَبَتْ لَهُ الْجَنَّةُ، وَهَذَا أَثْنَيْتُمْ عَلَيْهِ شَرًّا فَوَجَبَتْ لَهُ النَّارُ، أَنْتُمْ شُهَدَاءُ اللَّهِ فِي الْأَرْضِ" (البخاري : 1367)

**"നിങ്ങൾ നല്ലത് പുകഴ്ത്തിപ്പറഞ്ഞ വ്യക്തിക്ക് സ്വർഗവും, മോശം പറഞ്ഞ വ്യക്തിക്ക് നരകവും നിർബന്ധമായി"**

WISDOM YOUTH

# മയ്യിതിന്റെ അരികിൽ ക്വുർആൻ പാരായണം

- മയ്യിതിന്റെ അരികിൽ **ക്വുർആൻ പാരായണം** ചെയ്യാൻ **നബി** ﷺ യിൽ നിന്നുള്ള **ചര്യയിൽ ഇല്ലാത്തതാണ്**
- നബി ﷺ യോ സ്വഹാബത്തോ അപ്രകാരം ചെയ്തതായി **പ്രാമാണികമായ യാതൊരു തെളിവും ഇല്ല**

YouTube




102 മയ്യിത്തിന്റെ അരികിൽ ഖുർആൻ ഓതാൻ തെളിവുണ്ട് എന്ന് ഒരു ഉസ്താദ് പറയുന്നു അതിനെ കുറിച്ച് വിശദീകരിക്ക

Alijaba • 52 views • 1 year ago

WISDOM YOUTH

# മരണം നടന്ന ഉടനെ മറ്റുള്ളവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

# മരണം നടന്ന ഉടനെ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. മയ്യിത്തിന്റെ കൺപോളകൾ بِسْمِ اللهِ എന്ന് പറഞ്ഞുകൊണ്ട് അടക്കുക

2. കൈ-കാൽ സന്ധികൾ മടക്കി നിവർത്തുക

WISDOM YOUTH

# മയ്യിതിന്റെ കൺ പോളകൾ അടക്കുന്നു



## കൺ പോളകൾ അടക്കുമ്പോൾ ഇങ്ങനെയും പറയാം

اللَّهُمَّ اغْفِرْلِفُلَانٍ (بِإِسْمِهِ) وَارْفَعْ دَرَجَتَهُ فِي الْمَهْدِيِّينَ، وَاخْلُفْهُ فِي عَقِبِهِ فِي الْغَابِرِينَ، وَاغْفِرْلَنَا وَلَهُ يَا رَبَّ الْعَالَمِينَ، وَ افْسَحْ لَهُ فِي قَبْرِهِ وَنَوِّرْلَهُ فِيهِ

WISDOM YOUTH

# കൺ പോളകൾ അടക്കുമ്പോൾ ഇങ്ങനെയും പറയാം

اللَّهُمَّ اغْفِرْلِفُلَانٍ (بِإِسْمِهِ) وَارْفَعْ دَرَجَتَهُ فِي الْمَهْدِيِّينَ، وَاخْلُفْهُ فِي عَقِبِهِ فِي الْغَابِرِينَ، وَاغْفِرْلَنَا وَلَهُ
يَا رَبَّ الْعَالَمِينَ، وَ افْسَحْ لَهُ فِي قَبْرِهِ وَنَوِّرْلَهُ فِيهِ

**അല്ലാഹുവേ! ഇന്നയാൾക്ക് (മരിച്ച വ്യക്തിയുടെ പേര് പറയുക) പൊറുത്തു കൊടുക്കേണമേ! സന്മാർഗികളുടെ ഇടയിൽ അദ്ദേഹത്തിന്റെ പദവി നീ ഉയർത്തേണമേ. ഇദ്ദേഹത്തിന്റെ ശേഷം ഇവിടെ അവശേഷിക്കുന്ന ഇദ്ദേഹത്തിന്റെ പിൻഗാമികളിൽ നിന്ന് ഇദ്ദേഹത്തിന്റെ അഭാവം നീ പരിഹരിക്കേണമേ. ലോകരക്ഷിതാവായ റബ്ബേ! ഇദ്ദേഹത്തിനും ഞങ്ങൾക്കും നീ പൊറുത്ത് തരേണമേ. ഇദ്ദേഹത്തിന്റെ ക്വബ്ർ വിശാലമാക്കികൊടുക്കുകയും അതിൽ പ്രകാശം (സ്വർഗദർശനം) ചൊരിയുകയും ചെയ്യേണമേ.**

# കൈ-കാൽ സന്ധികൾ മടക്കി നിവർത്തുന്നു





# അവയവങ്ങൾ പൊട്ടിപ്പോകുന്ന രൂപത്തിൽ മടക്കുകയോ വലിക്കുകയോ ചെയ്യരുത്

മയ്യിതിന്റെ അവയവം പൊട്ടിക്കുന്നത് ജീവിച്ചിരിക്കുന്ന ഒരാളുടെ അവയവം പൊട്ടിക്കുന്നത് പോലെ തന്നെയാണ്

WISDOM YOUTH

# മരണം നടന്ന ഉടനെ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

3 മയ്യിതിനു വേണ്ടി പ്രാർഥിക്കുക

# പ്രവാചകൻ ﷺ അബൂസലമ (റ) ക്ക് വേണ്ടി പ്രാർഥിച്ചതിങ്ങനെയാണ്

اللَّهُمَّ اغْفِرْلِأَبِي سَلَمَةَ وَارْفَعْ دَرَجَتَهُ فِي الْمَهْدِيِّينَ وَ افْسَحْ لَهُ فِي قَبْرِهِ . وَنَوِّرْلَهُ فِيهِ وَاخْلُفْهُ فِي عَقِبِهِ فِي الْغَابِرِينَ وَاغْفِرْلَنَا وَلَهُ يَا رَبَّ الْعَالَمِينَ

(مسلم: ٩٢٠)

WISDOM YOUTH

# മയ്യിതിന്റെ അടുക്കൽ വെച്ചുള്ള പ്രാർഥന

اللَّهُمَّ اغْفِرْ لِفُلَانٍ (بِإِسْمِهِ) وَارْفَعْ دَرَجَتَهُ فِي
الْمَهْدِيِّينَ، وَاخْلُفْهُ فِي عَقِبِهِ فِي الْغَابِرِينَ،
وَاغْفِرْ لَنَا وَلَهُ يَا رَبَّ الْعَالَمِينَ، وَ افْسَحْ لَهُ فِي
قَبْرِهِ وَنَوِّرْ لَهُ فِيهِ

# മയ്യിതിന്റെ അടുക്കൽ വെച്ചുള്ള പ്രാർഥന

اللَّهُمَّ اغْفِرْلِفُلَانٍ (بِإِسْمِهِ) وَارْفَعْ دَرَجَتَهُ فِي الْمَهْدِيِّينَ، وَاخْلُفْهُ فِي عَقِبِهِ فِي الْغَابِرِينَ، وَاغْفِرْلَنَا وَلَهُ
يَا رَبَّ الْعَالَمِينَ، وَ افْسَحْ لَهُ فِي قَبْرِهِ وَنَوِّرْلَهُ فِيهِ

**അല്ലാഹുവേ! ഇന്നയാൾക്ക് (മരിച്ച വ്യക്തിയുടെ പേര് പറയുക) പൊറുത്തു കൊടുക്കേണമേ! സന്മാർഗികളുടെ ഇടയിൽ അദ്ദേഹത്തിന്റെ പദവി നീ ഉയർത്തേണമേ. ഇദ്ദേഹത്തിന്റെ ശേഷം ഇവിടെ അവശേഷിക്കുന്ന ഇദ്ദേഹത്തിന്റെ പിൻഗാമികളിൽ നിന്ന് ഇദ്ദേഹത്തിന്റെ അഭാവം നീ പരിഹരിക്കേണമേ. ലോകരക്ഷിതാവായ റബ്ബേ! ഇദ്ദേഹത്തിനും ഞങ്ങൾക്കും നീ പൊറുത്ത് തരേണമേ. ഇദ്ദേഹത്തിന്റെ ക്വബ്ർ വിശാലമാക്കിക്കൊടുക്കുകയും അതിൽ പ്രകാശം (സ്വർഗദർശനം) ചൊരിയുകയും ചെയ്യേണമേ.**

WISDOM YOUTH

# മരണ വാർത്ത കേട്ടാൽ

إِنَّا لِلّٰهِ وَإِنَّا إِلَـيْهِ
رَاجِعُونَ

"ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്.
അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് "

WISDOM YOUTH

# إِنّا لله وَ إِنَا إِلَـيْهِ رَاجِعُون

മരണവാർത്ത കേട്ടാൽ മാത്രം ചൊല്ലാനുള്ള ദിക്ർ അല്ല ഇത്

ഏതൊരു ആപത്ത് ഉണ്ടായാലും ചൊല്ലേണ്ടതാണ്

സ്വഹാബികൾ ചെരുപ്പിന്റെ വാറ് പൊട്ടിയാൽ വരെ ഇത് ചൊല്ലാറുണ്ടായിരുന്നു

WISDOM YOUTH

ٱلَّذِينَ إِذَآ أَصَٰبَتۡهُم مُّصِيبَةٞ قَالُوٓاْ

إِنَّا لِلَّهِ وَإِنَّآ إِلَيۡهِ رَٰجِعُونَ

“തങ്ങൾക്ക് വല്ല ആപത്തും ബാധിച്ചാൽ അവർ (ആ ക്ഷമാശീലർ) പറയുന്നത്; ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ് എന്നായിരിക്കും”

[البَقَرَة : ١٥٦]

# ഏറെ വേണ്ടപ്പെട്ടവരാണ് മരിച്ചതെങ്കിൽ ഇപ്രകാരമാണ് പറയേണ്ടത്

إِنَّا لِلَّهِ وَ إِنَّا إِلَيْهِ رَاجِعُونَ، اللَّهُمَّ اؤْجُرْنِي فِي مُصِيبَتِي وَأَخْلِفْ لِي خَيْرًا مِنْهَا

"ഞങ്ങൾ അല്ലാഹുവിന്റെ അധീനതതിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്, അല്ലാഹുവേ എനിക്ക് ബാധിച്ച ആപത്തിൽ കൂലി നൽകുകയും അതിനേക്കാൾ മികച്ചത് പകരം നൽകുകയും ചെയ്യേണമേ"

ഇങ്ങനെ പറഞ്ഞാൽ അല്ലാഹു ഉത്തമമായത് പകരം നൽകും

WISDOM YOUTH

ഇങ്ങനെ പറഞ്ഞാൽ അല്ലാഹു
ഉത്തമമായത് പകരം നൽകും

عَنْ أُمِّ سَلَمَةَ ، أَنَّهَا قَالَتْ : سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ :

"مَا مِنْ مُسْلِمٍ تُصِيبُهُ مُصِيبَةٌ، فَيَقُولُ مَا أَمَرَهُ اللَّهُ :

إِنَّا لِلَّهِ وَإِنَّا إِلَيْهِ رَاجِعُونَ، اللَّهُمَّ أْجُرْنِي فِي مُصِيبَتِي

وَأَخْلِفْ لِي خَيْرًا مِنْهَا. إِلَّا أَخْلَفَ اللَّهُ لَهُ خَيْرًا مِنْهَا"

(البخاري : 918)

WISDOM YOUTH

عَنْ أُمِّ سَلَمَةَ ، أَنَّهَا قَالَتْ : سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ : "مَا مِنْ مُسْلِمٍ تُصِيبُهُ مُصِيبَةٌ، فَيَقُولُ مَا أَمَرَهُ اللَّهُ : إِنَّا لِلَّهِ وَ إِنَّا إِلَيْهِ رَاجِعُونَ، اللَّهُمَّ أْوْجُرْنِي فِي مُصِيبَتِي وَأَخْلِفْ لِي خَيْرًا مِنْهَا. إِلَّا أَخْلَفَ اللَّهُ لَهُ خَيْرًا مِنْهَا" (البخاري : 918)

"ഒരു മുസ്‌ലിമിന് ആപത്ത് ബാധിക്കുകയും എന്നിട്ട് അല്ലാഹു കൽപിച്ച പ്രകാരം "ഞങ്ങൾ അല്ലാഹുവിന്റെ അധീനത്തിലാണ്. അവങ്കലേക്ക് തന്നെ മടങ്ങേണ്ടവരുമാണ്, അല്ലാഹുവേ എനിക്ക് ബാധിച്ച ആപത്തിൽ കൂലി നൽകുകയും അതിനേക്കാൾ മികച്ചത് പകരം നൽകുകയും ചെയ്യേണമേ" എന്ന് പ്രാർഥിച്ചാൽ അല്ലാഹു അവന് അതിനേക്കാൾ നല്ലത് നൽകാതിരിക്കില്ല.

ഉമ്മു സലമ (റ) യുടെ ഭർത്താവ് മരണപ്പെട്ടപ്പോൾ അവർ ഇപ്രകാരം പ്രാർഥിച്ചു, അല്ലാഹു അവർക്ക് പിന്നീട് ഭർത്താവായി നബി ﷺ നെ നൽകുകയും ചെയ്തു; അതിനേക്കാൾ നല്ലതായി ലോകത്ത് മറ്റെന്തുണ്ട് ?!!

WISDOM YOUTH

# മരണം നടന്ന ഉടനെ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

4. മയ്യിതിന്റെ  വായ കൂട്ടിപ്പിടിക്കുക
5. താടി കെട്ടിക്കൊടുക്കുക
6. ഇരു കാലിന്റെ തള്ള വിരലുകൾ തമ്മിലും കെട്ടിക്കൊടുക്കുക

WISDOM YOUTH

# മയ്യിതിന് താടി കെട്ടി കൊടുക്കുന്നു



# മയ്യിതിന് താടി കെട്ടി കൊടുക്കുന്നു



വായ കൂട്ടിപ്പിടിക്കുന്നു



താടി കെട്ടിയ ശേഷം

# മയ്യിതിന് കാൽ വിരലുകൾ കെട്ടി കൊടുക്കുന്നു



# മരണം നടന്ന ഉടനെ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 7 നീളമുള്ള ഒരു തുണി കൊണ്ട് മയ്യിത് മൂടി വെക്കുക

- ✓ മയ്യിതിനെ മൂടാൻ വെള്ള തുണി തന്നെ വേണമെന്ന് നിർബന്ധമില്ല.
- ✓ സൗകര്യം അനുസരിച്ച് എത് നിറത്തിലുള്ള തുണിയും ആകാവുന്നതാണ്.
- ✓ വെള്ള തുണി ആകുന്നത് നല്ലതാണ്.

WISDOM YOUTH

# മയ്യിതിനെ ഒരു തുണി കൊണ്ട് മൂടുന്നു



# മരണം നടന്ന ഉടനെ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

8 ശേഷം കുളിപ്പിക്കുക

# മരണം നടന്ന ഉടനെ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- മരണപ്പെട്ട ആദ്യ സമയത്ത് തന്നെ കുളിപ്പിക്കലാണ് ഉത്തമം.
- കുളിപ്പിക്കലും കഫൻ ചെയ്യലും ചെയ്ത ശേഷം മയ്യിതിനെ ആളുകളുടെ മുന്നിൽ, ക്വിബ്‌ലക്ക് നേരെ ആകുന്ന രൂപത്തിൽ കിടത്തി വെച്ചാൽ കാണാൻ വരുന്നവരിൽ തിരക്കുള്ളവർക്ക് നിസ്കരിക്കാൻ കഴിയും.
- കുളിപ്പിക്കൽ അവസാന സമയത്തേക്ക് മാറ്റി വെക്കുമ്പോൾ കുറേ പേർക്ക് ജനാസ നിസ്കരിക്കാൻ സാധിക്കാതെ വരും. അത് മയ്യിതിന് വലിയ നഷ്ടമാണ്.

WISDOM YOUTH

# ജനാസ നിസ്കാരം മരണപ്പെട്ട വ്യക്തിക്ക് രക്ഷയാണ്

عَنِ ابْنِ عَبَّاسٍ قَالَ :سَمِعْتُ النَّبِيَّ ﷺ يَقُولُ :

"مَا مِنْ مُسْلِمٍ يَمُوتُ، فَيَقُومُ عَلَى جِنَازَتِهِ أَرْبَعُونَ رَجُلًا
لَا يُشْرِكُونَ بِاللَّهِ شَيْئًا إِلَّا شُفِّعُوا فِيهِ"

(أبو داود : 3170)

**"ഒരു മുസ്‌ലിം മരണപ്പെടുകയും അവന് വേണ്ടി അല്ലാഹുവിൽ പങ്കു ചേർക്കാത്ത 40 പേർ നിസ്കരിക്കുകയും ചെയ്താൽ, അവരെക്കൊണ്ട് അവന് ശുപാർശ ലഭിക്കാതിരിക്കില്ല"**

WISDOM YOUTH

# മയ്യിത്ത് കുളിപ്പിക്കൽ

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 1 കുളിപ്പിക്കുന്നവർ നിയ്യത് മനസ്സിൽ കരുതുക

- മുന്നിലുള്ള മയ്യിതിനെ കുളിപ്പിക്കാൻ ഉള്ള ഉദ്ദേശം മനസ്സിൽ ഉണ്ടാവുക എന്നതാണ് നിയ്യത്.
- നിയ്യതിന് പ്രത്യേകം വചനങ്ങൾ പഠിപ്പിക്കപ്പെട്ടിട്ടില്ല.
- പ്രവാചക മാതൃക ഇല്ലാത്തതിനാൽ തന്നെ ഏതൊരു കാര്യത്തിലും നിയ്യത് ചൊല്ലിപ്പറയൽ ബിദ്അത് ആകും.

WISDOM YOUTH

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

2. **കർപ്പൂരം കലർത്തിയ വെള്ളം ഒരു ബക്കറ്റിൽ തയ്യാറാക്കി വെക്കുക.**
എളുപ്പത്തിന് വേണ്ടിയാണ് ഇത് ആദ്യം ചെയ്യുന്നത്, പിന്നീട് ചെയ്താലും കുഴപ്പമില്ല.

3. **മയ്യിതിനെ മൂടിയ തുണിയും, തലയിലും കാലിലും കെട്ടിയ തുണിയും അഴിച്ചു മാറ്റുക.**

WISDOM YOUTH

# മയ്യിതിന്റെ തലയിലും കാലിലും കെട്ടിയ തുണി അഴിച്ചു മാറ്റുന്നു





WISDOM YOUTH

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**4** രഹസ്യ ഭാഗങ്ങൾ വെളിവാകാതെ വസ്ത്രം അഴിച്ചു മാറ്റുക

(ഔറതിന്റെ ഭാഗത്ത് കട്ടിയുള്ള തുണി കൊണ്ട് മറക്കുക)

WISDOM YOUTH

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

5

വസ്ത്രം അഴിച്ചു മാറ്റാൻ പ്രയാസം ഉണ്ടെങ്കിൽ കത്രിക കൊണ്ട് മുറിച്ചു മാറ്റാം. ഔറത് വെളിവാക്കാനോ സ്പർശിക്കാനോ പാടില്ല.

WISDOM YOUTH

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**6** ഹദീസുകളിൽ പരാമർശമില്ലെങ്കിലും, മയ്യിതിന് ഒരു അഭംഗിയോ, വിരൂപമായ അവസ്ഥയോ ഉണ്ടെങ്കിൽ മീശ, നഖങ്ങൾ എന്നിവ വെട്ടാം.

- കക്ഷ രോമം വെട്ടൽ സുന്നത്തോ നിർബന്ധമോ ഇല്ല.
- മയ്യിതിന്റെ രഹസ്യഭാഗം കാണുകയോ, നേരിട്ട് സ്പർശിക്കുകയോ ചെയ്യാൻ പാടില്ലാത്തതിനാൽ തന്നെ ഗുഹ്യരോമം വടിക്കൽ നിഷിദ്ധമാകും.

WISDOM YOUTH

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

7 മയ്യിതിനെ കുളിപ്പിക്കാൻ കട്ടിയുള്ള ടേബിൾ ആകാൻ ശ്രദ്ധിക്കുക, അത് കൂടുതൽ സൗകര്യപ്രദമാകും.

8 മയ്യിതിനെ താങ്ങി ഇരുത്തുക.

WISDOM YOUTH

# മയ്യിതിനെ താങ്ങി ഇരുത്തുന്നു



# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

9

**മയ്യിതിന്റെ വയറ്റിൽ ശക്തമായി തടവി മാലിന്യം നീക്കം ചെയ്യുക. അത് വൃത്തിയാക്കാൻ ഇടതു കൈയിൽ ഗ്ലൗസ് ഉപയോഗിച്ചോ ഒരു തുണി ചുറ്റിയോ ചെയ്യാവുന്നതാണ്.**

- ഉദര സംബന്ധമായ അസുഖം ഉണ്ടായിരുന്ന വ്യക്തി, പൂർണ ഗർഭിണി എന്നിവരുടെ **വയർ ശക്തമായി തടവാതിരിക്കുക.**

WISDOM YOUTH

# മയ്യിതിന്റെ വയറ് തടവി മാലിന്യം നീക്കുന്നു



# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

10 ഔറത് വെളിവാക്കാതെ ഗുഹ്യഭാഗം വൃത്തിയാക്കുക.

11 വുളൂഅ് എടുപ്പിക്കും മുമ്പ് സാധ്യമാകുന്ന രൂപത്തിൽ ദന്തശുദ്ധി വരുത്തുക. (വലതു കൈയിൽ ചെറിയ തുണി ചുറ്റി പല്ല് വൃത്തിയാക്കാം)

WISDOM YOUTH

# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

### 12 വുളൂഅ് എടുപ്പിക്കുക

- ബിസ്മി ചൊല്ലി തുടങ്ങുക, വായിലും മൂക്കിലും വെള്ളം കയറ്റേണ്ടതില്ല, കൈ നനച്ച് വെള്ളം ആക്കി വൃത്തിയാക്കിയാൽ മതിയാകും.
- വുളൂഇന്റെ മറ്റു കർമങ്ങളും ചെയ്തു കൊടുക്കുക

WISDOM YOUTH

# മയ്യിതിന് ദന്ത ശുദ്ധി വരുത്തുന്നു





# മയ്യിത്തിനെ വുളൂഅ് ചെയ്യിക്കൽ

# വുളൂഅ് ചെയ്യിക്കുന്നു (കൈ കഴുകൽ)



# വുളൂഅ് ചെയ്യിക്കുന്നു (കൈ കഴുകൽ)



# വായിൽ വെള്ളം കയറ്റൽ



# വായിലെ വെള്ളം പുറത്തേക്ക് ആക്കുന്നു



# മുഖം കഴുകൽ



# കൈകൾ മുട്ടുൾപ്പെടെ കഴുകൽ



# കൈകൾ മുട്ടുൾപ്പെടെ കഴുകൽ



# തല തടവൽ



# കാൽ കഴുകൽ



# കുളിപ്പിക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വുളൂഅ് എടുപ്പിക്കാനോ കുളിപ്പിക്കാനോ സാധിക്കാത്ത രൂപത്തിൽ ശരീരം അഴുകിയതാണെങ്കിൽ തയമ്മും ചെയ്താൽ മതിയാകുന്നതാണ്.

WISDOM YOUTH

# തയമ്മുമിന്റെ രൂപം

ചെയ്യുന്ന വ്യക്തി ശുദ്ധമായ മണ്ണിൽ ഇരു കൈകളും അടിക്കുക

ആദ്യം മുഖവും ശേഷം ഇരു കൈപ്പടങ്ങളുടെ പുറം ഭാഗവും തടവുക

ഒരു തവണ മാത്രമേ മണ്ണിൽ അടിക്കേണ്ടതുള്ളൂ, മുഖവും കൈകളും തടവാൻ വെവ്വേറെ മണ്ണിൽ അടിക്കേണ്ടതില്ല

കൈകളുടെ ഉൾഭാഗം തടവേണ്ടതില്ല

കൈകളുടെ പുറം ഭാഗം മാത്രമാണ് തടവേണ്ടത്, മുട്ടു വരെ തടവേണ്ടതില്ല

WISDOM YOUTH

# കുളിപ്പിക്കേണ്ട രൂപം

# കുളിപ്പിക്കുമ്പോൾ അവയവങ്ങൾ പൊട്ടിപ്പോകുന്ന രൂപത്തിൽ മടക്കുകയോ വലിക്കുകയോ ഒന്നും ചെയ്യരുത്

മയ്യിതിന്റെ അവയവം പൊട്ടിക്കുന്നത് ജീവിച്ചിരിക്കുന്ന ഒരാളുടെ അവയവം പൊട്ടിക്കുന്നത് പോലെ തന്നെയാണ്

WISDOM YOUTH

# വുളൂഇന് ശേഷം കുളിപ്പിക്കുക

കുളിപ്പിക്കാൻ സാധാരണ ശുദ്ധ വെള്ളം മതിയാകും.

ചൂട് വെള്ളം വേണമെന്ന നിർബന്ധമോ നിബന്ധനയോ ഇല്ല, ആവശ്യാനുസരണം ഏത് വെള്ളവും ഉപയോഗിക്കാവുന്നതാണ്

WISDOM YOUTH

# വുളൂഇന് ശേഷം കുളിപ്പിക്കുക

മയ്യിത് കുളിപ്പിക്കാനായി പ്രത്യേകം വെള്ളം ചൂടാക്കുന്ന രീതി നബി ﷺ യോ മുൻഗാമികളോ പഠിപ്പിച്ച കാര്യമല്ല.

പോസ്റ്റ്മോർട്ടം കഴിഞ്ഞതോ രക്തം വരുന്ന മുറിവുകളോ ഉള്ള വ്യക്തി ആണെങ്കിൽ തണുത്ത വെള്ളം ഉപയോഗിക്കൽ നല്ലതാകും.

WISDOM YOUTH

# കുളിയുടെ രൂപം

1. **ആദ്യം തല കഴുകുക** (നല്ലവണ്ണം സോപ്പോ താളിയോ ഉപയോഗിച്ച് വൃത്തിയാക്കണം).

2. **വലതു ഭാഗം കഴുകുക** (സോപ്പോ താളിയോ ഉപയോഗിച്ച് മുകളിൽ നിന്ന് താഴേക്ക് കഴുകുക) ഇടത് ഭാഗത്തേക്ക് അൽപം ചെരിച്ച് വെച്ച് വലതു ഭാഗത്തിന്റെ പുറം ഭാഗം കഴുകുക.

WISDOM YOUTH

# തല സോപ്പ് ഉപയോഗിച്ച് കഴുകുന്നു



# ശരീരത്തിൽ വെള്ളം ഒഴിക്കുന്നു



# വലതു ഭാഗം സോപ്പ് ഉപയോഗിച്ച് കഴുകുന്നു



# വലതിന്റെ പുറം ഭാഗം കഴുകുന്നു



# കുളിയുടെ രൂപം

3

ഇടതുഭാഗം മുകളിൽ നിന്ന് താഴെ വരെ സോപ്പോ താളിയോ ഉപയോഗിച്ച് കഴുകുക. വലത് ഭാഗത്തേക്ക് അൽപം ചെരിച്ച് വെച്ച് പുറം ഭാഗവും കഴുകുക.

WISDOM YOUTH

# ഇടതു ഭാഗം സോപ്പ് ഉപയോഗിച്ച് കഴുകുന്നു



# ഇടതിന്റെ പുറം ഭാഗം കഴുകുന്നു



# കുളിയുടെ രൂപം

4. ശേഷം സോപ്പ് ഉപയോഗിക്കാതെ ശുദ്ധമായ വെള്ളം കൊണ്ട് ഇത് ഒരു തവണ കൂടി ആവർത്തിക്കുക.

# കുളിയുടെ രൂപം

5 **ചുരുങ്ങിയത് 3 തവണ കുളിപ്പിക്കുക.**
മൂന്നോ അഞ്ചോ ഏഴോ, ആവശ്യമെങ്കിൽ അതിൽ കൂടുതൽ തവണയും ആവാം; ഒറ്റയായിരിക്കണം എന്ന് മാത്രം.

6 **അവസാനത്തെ തവണ കർപ്പൂരം കലർത്തിയ വെള്ളം കൊണ്ട് കുളിപ്പിക്കുക.**
ഇതിന് വേണ്ടിയാണ് ആദ്യം കർപ്പൂരം കലക്കിയ വെള്ളം ഒരുക്കി വെക്കുന്നത്.

WISDOM YOUTH

# കുളിയുടെ രൂപം

7 ശരീരം മുഴുവൻ ശ്രദ്ധിച്ച് തോർത്തുക.

8 ഔറത് പൂർണമായും മറച്ച് നനഞ്ഞ തുണി മാറ്റി മറ്റൊരു തുണികൊണ്ട് മറക്കുക.

9 മുടി ചീകി വെക്കുക.

സ്ത്രീകളുടെ മയ്യിത് കുളിപ്പിക്കുമ്പോൾ മുടി അഴിച്ചിടുകയും ശേഷം മൂന്നായി മെടഞ്ഞിടുകയും ചെയ്യുക.

WISDOM YOUTH

# വെള്ളം ഒപ്പിയെടുക്കുന്നു



# ആർക്കൊക്കെ ആരെയൊക്കെ കുളിപ്പിക്കാം ?

- പുരുഷന്മാരുടെ മയ്യിത് പുരുഷന്മാരും സ്ത്രീകളുടേത് സ്ത്രീകളും മാത്രമേ കുളിപ്പിക്കാവൂ.
- ഭർത്താവിന് ഭാര്യയേയും ഭാര്യക്ക് ഭർത്താവിനേയും കുളിപ്പിക്കാവുന്നതാണ്.
- വേറെ ഒരു സ്ത്രീക്കും പുരുഷനെയോ തിരിച്ചോ കുളിപ്പിക്കൽ അനുവദനീയമല്ല.
- ആൺ മക്കൾക്ക് മാതാവിനേയോ, പെൺ മക്കൾക്ക് പിതാവിനേയൊ തിരിച്ചോ കുളിപ്പിക്കൽ അനുവദനീയമല്ല.
- പ്രായ പൂർത്തിയാകാത്ത കുട്ടിയാണ് മരണപ്പെട്ടതെങ്കിൽ ഇത് ബാധകമല്ല.

WISDOM YOUTH

# മയ്യിത് കുളിപ്പിച്ച വ്യക്തി കുളിക്കേണ്ടതുണ്ടോ ?

- മയ്യിത് കുളിപ്പിച്ച വ്യക്തി കുളിക്കുകയോ വുളൂഅ് ചെയ്യുകയോ ചെയ്യുന്നത് **നിർബന്ധമോ സുന്നത്തോ ഇല്ല.**
- എന്നാൽ ഇവ ചെയ്യൽ **നല്ലതാണ്** എന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

YouTube




ജനാസ സന്ദർശിച്ചാൽ കുളിക്കേണ്ടത്തുണ്ടോ ?

Alijaba • 676 views • 9 months ago

WISDOM YOUTH

# മയ്യിത് കുളിപ്പിക്കലുമായി ബന്ധപ്പെട്ട ചില സംശയങ്ങൾക്കുള്ള മറുപടികൾ


YouTube




മയ്യിത്ത് കുളിപ്പിക്കൽ എങ്ങനെ? വിശദീകരിക്കാമോ?

Alijaba • 951 views • 1 year ago

YouTube




119 ഭർത്താവിനു ഭാര്യയുടെയും തിരിച്ചും മയ്യിത്ത് കുളിപ്പിക്കാമോ അവിടെ ആർക്കൊക്കെ കൂടെ നിൽക്കാം

Alijaba • 5 views • 1 year ago

YouTube




022 മയ്യിത്ത് കുളിപ്പിച്ച വെള്ളം എന്ത് ചെയ്യും Muhammed Swadiq Madeeni Al Ijaba #22

Alijaba • 467 views • 1 year ago

WISDOM YOUTH

# കഫൻ ചെയ്യൽ

WISDOM YOUTH

# കഫൻ ചെയ്യൽ

- മയ്യിതിനെ വെള്ള വസ്ത്രത്തിൽ കഫൻ ചെയ്യലാണ് സുന്നത്ത്.

  വെള്ള ഇല്ലെങ്കിൽ ഏത് നിറവും ആകാം

- പുരുഷന്മാരെ മൂന്ന് തുണി കൊണ്ട് കഫൻ ചെയ്യാം.

- സ്ത്രീകൾക്ക് അഞ്ച് തുണി വരെ ഉപയോഗിക്കാം.

  (അടിമുണ്ട്, നിസ്കാര കുപ്പായം, മുഖ മക്കന, 2 തുണി എന്നിങ്ങനെ 5 തുണി)

WISDOM YOUTH

# കഫൻ പുടവ തയ്യാറാക്കുന്നു



# കഫൻ ചെയ്യുന്ന രീതി

1

കഫൻ പുടവ മൂന്നായി മടക്കി മുറിക്കുക (അതിൽ ഏറ്റവും അവസാനം മടക്കുന്ന തുണി നീളം കൂടുതൽ ഉണ്ടായിരിക്കൽ അവസാനം കെട്ടാൻ സൗകര്യമാണ്, അത് നിർബന്ധമല്ല, 3 തുണികളും നല്ല നീളത്തിൽ ലഭിക്കുന്നുണ്ടെങ്കിൽ തുല്യമായി മുറിക്കാം).

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

2

കഫൻ പുടവ കൊണ്ട് തന്നെ അത് കെട്ടാനുള്ള 3 തുണി കഷ്ണങ്ങളും/ ചരടുകളും മുറിച്ചെടുക്കാം, വേറെ തന്നെ ആകാവുന്നതും ആണ്.

# കഫൻ ചെയ്യുന്ന രീതി

**3**

## 3 കഫൻ പുടവകളും സുഗന്ധത്തിനായി കുന്തിരിക്കം പോലുള്ളവ കൊണ്ട് നേരത്തേ തന്നെ പുക പിടിപ്പിക്കാവുന്നതാണ്.

- ഇതിന് പുറമെ വിരിച്ചു വെച്ച കഫൻ പുടവയിൽ മൈലാഞ്ചി വിതറേണ്ടതില്ല. മൈലാഞ്ചി വിതറുന്നത് ഒരുവേള കഫൻ പുടവ അലങ്കോലമാകാൻ വരെ കാരണമാകും.
- മൈലാഞ്ചി വിതറൽ പ്രത്യേകം സുന്നത്തോ കൂലിയോ ഉള്ള കാര്യമല്ല.

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

4

ഏറ്റവും നീളമുള്ള തുണി താഴെയും മറ്റു തുണികൾ അതിനു മുകളിലും വെച്ച് നിവർത്തി വിരിക്കുക.

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

5

മയ്യിതിന്റെ കൈകാലുകൾ നിവർത്തി ശരീരത്തോടടുപ്പിച്ച് നീട്ടി വെക്കുക. (കൈകൾ മടക്കി വെക്കേണ്ടതില്ല)

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

6

**ആവശ്യമെങ്കിൽ കഫൻ പുടവയിൽ സുഗന്ധം പുരട്ടൽ നല്ലതാണ്.**

മയ്യിത് സ്ത്രീ ആയാലും പുരുഷൻ ആയാലും സുഗന്ധം പുരട്ടാവുന്നതാണ്.

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

7

**മയ്യിതിന്റെ പിൻ ഭാഗത്ത് നിന്നും വല്ലതും വരുമെന്നോ, മുറിവുകളിൽ നിന്ന് രക്തമോ നീരോ വരുമെന്നോ സംശയമുണ്ടെങ്കിൽ അവിടെ പഞ്ഞി, ഡയപർ പോലുള്ളവ വെക്കൽ അനുവദനീയമാണ്.**

- രക്തം കഫൻ പുടവയിൽ ആകാതിരിക്കാൻ പോസ്റ്റ്മാർട്ടം ചെയ്തവരുടെ തലയുടെ ഭാഗത്ത് പഞ്ഞി വെക്കുക
- ശരീരത്തിൽ മുറിവുകൾ ഉണ്ടെങ്കിൽ രക്തം ആവാതിരിക്കൻ അവിടെയും പഞ്ഞി വെക്കുക

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

- കണ്ണ്, മൂക്ക്, വായ, കൈകാൽ വിരലുകളുടെ ഇടയിൽ തുടങ്ങിയ ഇടങ്ങളിൽ പരുത്തി / പഞ്ഞി വെക്കൽ മയ്യിതിന് അഭംഗി ആയതിനാൽ അപ്രകാരം ചെയ്യേണ്ടതില്ല.
- അങ്ങനെ ചെയ്യൽ പ്രത്യേകം കൽപിക്കപ്പെട്ട കാര്യമല്ല.
- ആവശ്യമെങ്കിൽ മുഖം മുഴുവൻ മൂടുന്ന രൂപത്തിൽ വലിയ പരുത്തി ഒന്നായി വെക്കാം.

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

**8**

**ആദ്യം വലത് ഭാഗത്ത്  നിന്ന് തുണി എടുത്ത് ഇടത് ഭാഗത്തേക്ക് നല്ലവണ്ണം വലിച്ചു നിവർത്തി ശരീരം പൊതിയുക.**

വലതിനെ മുന്തിക്കുക എന്ന സുന്നത്ത് ലഭിക്കാൻ ആണ് ആദ്യം വലത് ഭാഗത്ത് നിന്ന് തുടങ്ങി ഇടത്തേക്ക് ചുറ്റുന്നത്. ഇത് നേരെ തിരിച്ച് ചെയ്താലും കഫൻ ചെയ്യൽ ശരിയാകും

WISDOM YOUTH

# വലത് ഭാഗത്തെ തുണി കൊണ്ട് ഇടത്തേക്ക് മൂടുന്നു



# കഫൻ ചെയ്യുന്ന രീതി

9

## ഇത് പോലെ തന്നെ ഇടതുഭാഗത്തെ തുണിയും വലത് ഭാഗത്തേക്ക് ആക്കി പൊതിയുക.

വലതിനെ മുന്തിക്കുക എന്ന സുന്നത്ത് ലഭിക്കാൻ ആണ് ആദ്യം വലത് ഭാഗത്ത് നിന്ന് തുടങ്ങി ഇടത്തേക്ക് ചുറ്റുന്നത്. ഇത് നേരെ തിരിച്ച് ചെയ്താലും കഫൻ ചെയ്യൽ ശരിയാകും

WISDOM YOUTH

# ഇടത് ഭാഗത്തെ തുണി കൊണ്ട് വലത്തേക്ക് മൂടുന്നു



# കഫൻ ചെയ്യുന്ന രീതി

10

നേരത്തെ ഉള്ളിൽ ധരിപ്പിച്ച ഔറത് മറച്ച തുണി താഴേക്ക് വലിച്ച് എടുക്കുക.

11

രണ്ടാമത്തെ തുണിയും ഇതുപോലെ വലിച്ച് പൊതിയുക.

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

12

മൂന്നാമത്തെ നീളം കൂടിയ തുണിയും ഇതുപോലെ ആദ്യം വലത് പിന്നെ ഇടത് എന്ന രീതിയിൽ പൊതിയുക.

13

നേരത്തെ  മുറിച്ചുവെച്ച കയർ/ശീല കഷ്ണങ്ങൾ കൊണ്ട് തലയുടെ ഭാഗത്തും മധ്യ ഭാഗത്തും കാലിന്റെ ഭാഗത്തും കെട്ടുകൾ ഇടുക.

ആവശ്യമെങ്കിൽ അഞ്ചോ ഏഴോ കെട്ടുകൾ ഇടാവുന്നതാണ്.

WISDOM YOUTH

# തല ഭാഗം തുണി കൊണ്ട് കെട്ടുന്നു



# മധ്യഭാഗം തുണി കൊണ്ട് കെട്ടുന്നു



# കാലിന്റെ ഭാഗം തുണി കൊണ്ട് കെട്ടുന്നു



# കഫൻ ചെയ്യുന്ന രീതി

14

മൂന്നാമത്തെ തുണിയുടെ കൂടുതലുള്ള ഭാഗം തിരച്ചു വെക്കുക (ഈ ഭാഗം പിടിച്ചു കൊണ്ട് ക്വബ്റിലേക്ക് ഇറക്കാൻ സൗകര്യത്തിനു വേണ്ടിയാണ്).

WISDOM YOUTH

# മിച്ചം വന്ന തുണി തിരുകി വെക്കുന്നു



# കഫൻ ചെയ്യുന്ന രീതി

15

പനിനീർ / അത്തർ പോലുള്ളവ ആവശ്യമെങ്കിൽ സുഗന്ധത്തിനായി വീണ്ടും കഫൻ പുടവയിൽ തെളിക്കാവുന്നതാണ്. നേരത്തെ ആക്കിയവ കൊണ്ട് തന്നെ ആവശ്യത്തിന് സുഗന്ധം ഉണ്ടെങ്കിൽ വീണ്ടും തെളിക്കണമെന്നില്ല.

WISDOM YOUTH

- സുഗന്ധത്തിനായി കുളിപ്പിക്കുക്കുമ്പോൾ കർപ്പൂരം ഉപയോഗിക്കൽ, കുന്തിരിക്കം കൊണ്ട് കഫൻ തുണി പുകക്കൽ, അവസാനം പനിനീർ / അത്തർ എന്നിവ ഉപയോഗിക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്തിട്ടുണ്ട്.

- ഇതിന് പുറമെ കഫൻ പുടവയിൽ മൈലാഞ്ചി വിതറേണ്ടതില്ല. മൈലാഞ്ചി വിതറുന്നത് ഒരുവേള കഫൻ പുടവ അലങ്കോലമാകാൻ വരെ കാരണമാകും.

- മൈലാഞ്ചി വിതറൽ പ്രത്യേകം സുന്നത്തോ കൂലിയോ ഉള്ള കാര്യമല്ല.

WISDOM YOUTH

# കഫൻ ചെയ്യുന്ന രീതി

- കഫൻ ചെയ്യുമ്പോൾ പ്രത്യേക പ്രാർഥനയോ ദിക്റുകളോ നബി ﷺ യിൽ നിന്ന് സ്ഥിരപ്പെട്ടു വന്നിട്ടില്ല.
- നബി ﷺ പഠിപ്പിക്കാത്ത ഇത്തരം കാര്യങ്ങൾ ചെയ്യുന്നത് ബിദ്അത് ആകുന്നു.

WISDOM YOUTH

# ജനാസ
# കൊണ്ടു പോകൽ

# മയ്യിത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

1. മയ്യിത് പെട്ടെന്ന് സംസ്കരിക്കലാണ് ഉത്തമം.

2. മരിച്ച പ്രദേശത്തു തന്നെ ക്വബ്റടക്കലാണ് ഏറ്റവും നന്മ.

3. വളരെ പതുക്കെയും ധൃതി കൂട്ടിയും നടക്കരുത്, ഇടത്തരം വേഗത്തിൽ നടക്കുക.

4. മൗനമായി കൊണ്ടും പരലോകത്തെക്കുറിച്ച് ഓർത്തു കൊണ്ടും ആണ് മയ്യിത് കൊണ്ടുപോകേണ്ടത്.

WISDOM YOUTH

# മയ്യിത്ത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

- ജനാസ കൊണ്ടുപോകുമ്പോൾ **മൗനം അവലംബിക്കലാണ്** **സുന്നത്ത്.**

## താബിഈ വര്യനായ ക്വയ്സു ബ്നു ഉബാദ് (റഹി) പറഞ്ഞു :

عَنْ قَيْسِ بْن عُبَاد أَوْعُبَادَة قَالَ : كَانَ أَصْحَابُ النَّبِيِّ ﷺ يَكْرَهُونَ رَفْعَ الصَّوْتِ عِندَ الْجَنَائِزِ

(البيهقي - السنن الكبرى : ٤/١٢٤)

**"ജനാസയുടെ അടുത്ത് ശബ്ദം ഉണ്ടാക്കുന്നത് സ്വഹാബികൾ വെറുത്തിരുന്നു"**

WISDOM YOUTH

## അൽ അദ്കാർ എന്ന ഗ്രന്ഥത്തിൽ ഇമാം നവവി (റഹി) യും പറയുന്നത് ഇതേ കാര്യമാണ്

"وَاعْلَمْ أَنَّ الصَّوَابَ الْمُخْتَارَمَا كَانَ عَلَيْهِ السَّلَفُ السُّكُوتُ فِي حَالِ السَّيْرِمَعَ الْجَنَازَةِ فَلَا يُرْفَعُ صوتٌ بِقِرَاءَةٍ وَلَا ذِكْرٍ وَلَا غَيْرِذَلِكَ..." (الأذكارللنووي ص : 160)

"ജനാസ കൊണ്ടു പോകുന്ന സമയത്ത് മുൻഗാമികളുടെ അടുക്കൽ സ്വീകാര്യമായ ശരിയായ രീതി മൗനം അവലംബിക്കലാണ് എന്ന കാര്യം നീ അറിയണം. ക്വുർആൻ പാരായണം കൊണ്ടോ ദിക്ർ കൊണ്ടോ മറ്റെന്തെങ്കിലും കാര്യങ്ങൾ കൊണ്ടോ ശബ്ദം ഉയർത്താൻ പാടുള്ളതല്ല..."

WISDOM YOUTH

# മയ്യിത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

- മരണ വീട്ടിലും,
  ജനാസ കൊണ്ടുപോകുമ്പോഴും
  എല്ലാം മൗനം അവലംബിക്കലാണ്
  ഇസ്‌ലാം പഠിപ്പിച്ച മര്യാദ.

WISDOM YOUTH

# മയ്യിത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

- രണ്ട് സന്ദർഭങ്ങളിലും പ്രത്യേക ദിക്റുകളോ യാസീനോ മറ്റു ക്വുർആൻ പാരായണമോ നബി ﷺ പഠിപ്പിക്കാത്തതും മുൻഗാമികളിൽ മാതൃകയില്ലാത്തതും ആണ്, അതിനാൽ അവ **ബിദ്അത്തും** ആണ്.

WISDOM YOUTH

# മയ്യിത്ത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

**ജനാസ കൊണ്ടുപോകുമ്പോൾ**
**അതിനെ പിന്തുടർന്ന് നടക്കൽ**
**ഉത്തമവും നബിചര്യയുമാണ്**

മുന്നിലോ പിന്നിലോ ഇരുഭാഗങ്ങളിലോ എല്ലാം
നടക്കൽ അനുവദനീയമാണ്

WISDOM YOUTH

# ജനാസയുടെ മുന്നിൽ നടക്കൽ

أَنَّ النَّبِيَّ ﷺ، وَأَبَا بَكْرٍ، وَعُمَرَكَانُوا يَمْشُونَ أَمَامَ الْجَنَازَةِ

(الترمذي : 1010 ، صححه الألباني)

**"നബി ﷺ യും അബൂബക്റും ഉമറും ജനാസയുടെ മുന്നിലൂടെയായിരുന്നു നടക്കാറുണ്ടായിരുന്നത്"**

WISDOM YOUTH

# മയ്യിത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

**പിന്നിൽ നടന്നാൽ കുറ്റകരമോ ബിദ്അതോ ആണ് എന്ന് ഇതുകൊണ്ട് അർഥമാക്കുന്നില്ല, മുന്നിലൂടെ നടക്കലും നബി ചര്യയിൽ പെട്ടതാണ് എന്ന് മാത്രം**

WISDOM YOUTH

# പിന്നിലും മറ്റും നടക്കലും അനുവദനീയം ആണ്

"الرَّاكِبُ يَسِيرُ خَلْفَ الْجِنَازَةِ، وَالْمَاشِي يَمْشِي خَلْفَهَا وَأَمَامَهَا، وَعَنْ يَمِينِهَا وَعَنْ يَسَارِهَا قَرِيبًا مِنْهَا..."

(أبو داود : 3180 ، صححه الألباني)

"വാഹനപ്പുറത്തുള്ളവർ ജനാസയുടെ പിന്നിലും, നടക്കുന്നവർ ജനാസക്ക് സമീപമായി പിന്നിലോ മുന്നിലോ വലത് ഭാഗത്തോ ഇടത് ഭാഗത്തോ ആയും (ആണ് സഞ്ചരിക്കേണ്ടത്)"

WISDOM YOUTH

# മയ്യിത് കൊണ്ടുപോകുമ്പോൾ

## പാലിക്കേണ്ട മര്യാദകൾ

**ജനാസയുടെ പിന്നിൽ മാത്രമേ നടക്കാൻ പാടുള്ളൂ, മുന്നിൽ നടക്കാൻ പാടില്ല എന്ന ധാരണ ശരിയല്ല**

WISDOM YOUTH

# മയ്യിത്ത് നിസ്കാരം

# ജനാസ നിസ്കാരം മരണപ്പെട്ട വ്യക്തിക്ക് രക്ഷയാണ്

عَنِ ابْنِ عَبَّاسٍ قَالَ :سَمِعْتُ النَّبِيَّ ﷺ يَقُولُ :

"مَا مِنْ مُسْلِمٍ يَمُوتُ، فَيَقُومُ عَلَى جِنَازَتِهِ أَرْبَعُونَ رَجُلاً
لَا يُشْرِكُونَ بِاللَّهِ شَيْئًا إِلَّا شُفِّعُوا فِيهِ"

(أبو داود : 3170)

"ഒരു മുസ്‌ലിം മരണപ്പെടുകയും അവന് വേണ്ടി
അല്ലാഹുവിൽ പങ്കു ചേർക്കാത്ത 40 പേർ
നിസ്കരിക്കുകയും ചെയ്താൽ അവരെക്കൊണ്ട് അവന്
ശുപാർശ ലഭിക്കാതിരിക്കില്ല"

WISDOM YOUTH

# മയ്യിത് നമസ്കാരം

- മയ്യിത് പുരുഷനാണെങ്കിൽ മയ്യിതിന്റെ തലയുടെ നേരെയും സ്ത്രീയാണെങ്കിൽ മധ്യ ഭാഗത്തുമായാണ് ഇമാം നിൽക്കേണ്ടത്.

- ഇസ്ലാമിക ഭരണകൂടം ഉള്ള സ്ഥലത്ത് നാട്ടിലെ ക്വാദ്വിയാണ് സാധാരണ നിലയിൽ ജനാസക്ക് ഇമാം നിൽക്കേണ്ടത്.

WISDOM YOUTH


# മയ്യിത് നമസ്കാരം

അടുത്ത കുടുംബാംഗങ്ങൾക്ക് ഇമാം നിൽക്കാവുന്നതാണ്. അവർക്കാണ് കൂടുതൽ ആത്മാർഥമായി ജനാസക്ക് വേണ്ടി പ്രാർഥിക്കാൻ സാധിക്കുക.

WISDOM YOUTH

# ജനാസ നിസ്കാരത്തിന് ഇമാം നിൽക്കലുമായി ബന്ധപ്പെട്ട ചില സംശയങ്ങൾക്കുള്ള മറുപടികൾ

YouTube




079 മയ്യിത്ത് നമസ്ക്കാരതിന്നു ഇമാം നിൽക്കേണ്ടത് പള്ളിയിലെ ഇമാമോ മയ്യിത്തിന്റെ ബന്തുവോ

Alijaba • 48 views • 1 year ago

YouTube




285 മയ്യത്ത് നമസ്ക്കാരത്തെക്കുറിച്ച് അറിവില്ലത്ത മക്കളെയും മറ്റും ഇമാമായി നിർത്താൻ പറ്റുമോ

Alijaba • 14 views • 1 year ago

YouTube




മയ്യിത്ത് നിസ്കാരം സ്ത്രീകൾ ഇമാം ആയി നിൽക്കാമോ?

Alijaba • 982 views • 8 months ago

WISDOM YOUTH

# മയ്യിത് നമസ്കാരം

- മൂന്ന് സ്വഫ്ഫുകളായി നിസ്കരിക്കലാണ് സുന്നത്ത്.
- എത്ര കുറഞ്ഞ എണ്ണം ആളുകൾ ആണെങ്കിലും ആദ്യം ഇമാമും പിന്നിൽ രണ്ട് സ്വഫ്ഫുകളും എന്ന രൂപത്തിൽ 3 സ്വഫ്ഫ് ആയി നിൽക്കുക

WISDOM YOUTH

# മയ്യിത് നമസ്കാരം

## സാധാരണ നിസ്കാരത്തിന് നിൽക്കുന്നത് പോലെ വിട്ടുവിട്ട് തന്നെയാണ് സ്വഫ്ഫ് നിൽക്കേണ്ടത്.

- ആളുകൾ അധികവും നിസ്കരിക്കാനുള്ള സൗകര്യം കുറവും ആണെങ്കിൽ സൗകര്യപ്രദമായ രൂപത്തിൽ അടുത്ത് നിൽക്കാവുന്നതാണ്.
- സ്ഥലം ഉണ്ടായിട്ടും അടുത്തടുത്ത് നിൽക്കുന്നത് ശരിയായ രീതിയല്ല.

WISDOM YOUTH

# മയ്യിത് നമസ്കാരം

മയ്യിത് നിസ്കാരത്തിന് റുകൂഓ സുജൂദോ ഇല്ലാത്തതിനാൽ അടുത്തടുത്താണ് നിൽക്കേണ്ടത് എന്ന പൊതു ധാരണ ശരിയല്ല.

WISDOM YOUTH

# മയ്യിത് നമസ്കാരം

## രൂപം

1 നിയ്യത് ഉണ്ടായിരിക്കുക
("മുമ്പിലുള്ള മയ്യിതിന് വേണ്ടി നമസ്കരിക്കുന്നു"
എന്ന് മനസ്സിൽ കരുതുക)

2 കൈകൾ ഉയർത്തി اللهُ أَكْبَر എന്ന് പറഞ്ഞ്
തക്ബീറതുൽ ഇഹ്റാം ചെയ്യുക, ശേഷം
ഇടതിന്മേൽ വലത് എന്ന രൂപത്തിൽ കൈകൾ
നെഞ്ചിൽ കെട്ടുക

WISDOM YOUTH


# തക്ബീറതുൽ ഇഹ്റാം تكبيرة الإحرام

കൈപ്പടങ്ങൾ ചുമലുകൾക്ക് നേരെയാകുന്നതുവരെ ഉയർത്തണം(ബുഖാരി)

അല്ലെങ്കിൽ ചെവികൾവരെ ഉയർത്താം (ബുഖാരി)








തക്ബീർ (أكبـ الله: അല്ലാഹു വലിയവൻ ആകുന്നു)







കൈ വിരലുകൾ അൽപം
വിടർത്തി വെക്കണം(അബൂദാവൂദ്).
അതായത് കൂടുതലായി അടുപ്പിച്ചു
പിടിക്കാനോ അകറ്റാനോ പാടില്ല.



# കൈകൾ കെട്ടൽ

- വലതുകൈ ഇടത്തേ കൈപ്പത്തിയുടെ പുറകുവശത്തും മണിബന്ധത്തിലും കൈത്തണ്ടയിലുമായി നെഞ്ചിന്മേൽ വെക്കണം(അബൂദാവൂദ്).
- സുജൂദിന്റെ സ്ഥാനത്തേക്ക് നോക്കുകയും വേണം. (ബൈഹഖി)



# ശരിയായ രൂപങ്ങൾ

- ചിത്രത്തിൽ കാണിച്ച ഏത് രൂപത്തിലും കൈകൾ കെട്ടാവുന്നതാണ്



വലതു കൈ കൊണ്ട് ഇടതു കൈയിന്റെ മണി ബന്ധം പിടിക്കുന്ന രൂപം



വലതു കൈപ്പത്തി ഇടതു കൈപ്പത്തിയുടെ പുറം ഭാഗത്ത് വെക്കുന്ന രൂപം



മുൻകൈ, മണി ബന്ധം , കണംകൈ എന്നിവയിൽ സ്പർശിക്കുന്ന രൂപം

# മയ്യിത് നമസ്കാരം

## രൂപം

3 തക്ബീറതുൽ ഇഹ്റാമിന് പുറമേ
3 തക്ബീറുകൾ ഉണ്ട്.
ഓരോ തക്ബീറിലും കൈകൾ ഉയർത്തുകയോ
ഉയർത്താതിരിക്കുകയോ ചെയ്യാം.
ഇത് പണ്ഡിതലോകത്ത് രണ്ട് അഭിപ്രായമുള്ള വിഷയമാണ്.

4 സലാം വീട്ടുക

വലത് ഭാഗത്തേക്ക് മാത്രം സലാം വീട്ടിയാൽ മതിയാകും.
സാധാരണ നിസ്കാരത്തിലേത് പോലെ രണ്ട് ഭാഗത്തേക്ക്
സലാം വീട്ടിയാലും കുഴപ്പമില്ല.

WISDOM YOUTH

# മയ്യിത് നമസ്കാരം

## രൂപം

- ✓ ഒന്നാമത്തെ തക്ബീറതുൽ ഇഹ്റാമിന് ശേഷം സൂറത്തുൽ ഫാത്തിഹ ഓതുക.
- ✓ രണ്ടാമത്തെ തക്ബീറിന് ശേഷം നബി ﷺ യുടെ മേൽ സ്വലാത് ചൊല്ലുക (ഇബ്റാഹീമിയ സ്വലാത്).

WISDOM YOUTH

# നബി ﷺ യുടെ മേലുള്ള സ്വലാത്ത്

പദങ്ങളിൽ അൽപം വ്യത്യാസത്തോട് കൂടിയും ഈ പ്രാർത്ഥന ഹദീസുകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്

അല്ലാഹുവേ | നീ കരുണ ചെയ്യേണമേ | മുഹമ്മദ് ﷺ ക്ക് | മുഹമ്മദ് ﷺ യുടെ കുടുംബത്തിനും | നീ കരുണ ചെയ്തത് പോലെ | ഇബ്റാഹീമിനും

اللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ

ഇബ്രാഹീം കുടുംബത്തിനും | നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ് | നീ അനുഗ്രഹിക്കേണമേ | മുഹമ്മദ് ﷺ ക്ക്

وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ ، اللَّهُمَّ بَارِكْ عَلَى مُحَمَّدٍ

മുഹമ്മദ് ﷺ യുടെ കുടുംബത്തിനും | നീ അനുഗ്രഹിച്ചതുപോലെ | ഇബ്റാഹീമിനും | ഇബ്രാഹീം കുടുംബത്തിനും

وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ

നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്

إِنَّكَ حَمِيدٌ مَجِيدٌ

# നബി (ﷺ) യുടെ മേലുള്ള സ്വലാത്ത്

പദങ്ങളിൽ അൽപം വ്യത്യാസത്തോട് കൂടിയും ഈ പ്രാർത്ഥന ഹദീസുകളിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്

اَللهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ
مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ
وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ
، اَللهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ
مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ
وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ

അല്ലാഹുവേ, ഇബ്റാഹീമിനും കുടുംബത്തിനും നീ കരുണ ചെയ്തത് പോലെ മുഹമ്മദിനും കുടുംബത്തിനും നീ കരുണ ചെയ്യേണമേ! നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാണ്. അല്ലാഹുവേ, ഇബ്റാഹീമിനെയും കുടുംബത്തെയും നീ അനുഗ്രഹിച്ചതു പോലെ മുഹമ്മദിനെയും കുടുംബത്തെയും നീ അനുഗ്രഹിക്കേണമേ! നിശ്ചയം നീ സ്തുതിക്കപ്പെട്ടവനും ഉന്നതനുമാണ്.

# മയ്യിത് നമസ്കാരം

## രൂപം

മൂന്നാമത്തെ തക്ബീറിന് ശേഷം മയ്യിതിന് വേണ്ടി പ്രാർഥിക്കുക.

# മൂന്നാമത്തെ തക്ബീറിന് ശേഷം

اللهُمَّ اغْفِرْلَهُ ، وَارْحَمْهُ ، وَعَافِهِ ، وَاعْفُ عَنْهُ ، وَأَكْرِمْ
نُزُلَهُ ، وَوَسِّعْ مُدْخَلَهُ ، وَاغْسِلْهُ بِالْمَاءِ وَالثَّلْجِ وَالْبَرَدِ ،
وَنَقِّهِ مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبُ الأَبْيَضُ مِنَ الدَّنَسِ
، وَ أَبْدِلْهُ داراً خَيْراً مِنْ دَارِهِ ، وَأَهْلاً خَيْراً مِنْ أَهْلِهِ ،
وَزَوْجَاً خَيْراً مِنْ زَوْجِهِ ، وَأَدْخِلْهُ الْجَنَّةَ ، وَأَعِذْهُ مِنْ
عَذَابِ القَبْرِ وَعَذَابِ النّارِ

WISDOM YOUTH

# മൂന്നാമത്തെ തക്ബീറിന് ശേഷം

اللهُمَّ اغْفِرْلَهُ ، وَارْحَمْهُ ، وَعَافِهِ ، وَاعْفُ عَنْهُ ، وَأَكْرِمْ نُزُلَهُ ، وَوَسِّعْ مُدْخَلَهُ ، وَاغْسِلْهُ بِالْمَاءِ
وَالثَّلْجِ وَالْبَرَدِ ، وَنَقِّهِ مِنَ الْخَطَايَا كَمَا نَقَّيْتَ الثَّوْبُ الأَبْيَضُ مِنَ الدَّنَسِ ، وَ أَبْدِلْهُ دَاراً خَيْراً
مِنْ دَارِهِ ، وَأَهْلاً خَيْراً مِنْ أَهْلِهِ ، وَزَوْجَاً خَيْراً مِنْ زَوْجِهِ ، وَأَدْخِلْهُ الْجَنَّةَ ، وَأَعِذْهُ مِنْ عَذَابِ
الْقَبْرِوَعَذَابِ النّارِ

“അല്ലാഹുവേ, നീ ഇയാൾക്ക് പൊറുത്തു കൊടുക്കുകയും കരുണ ചെയ്യുകയും സൗഖ്യം നൽകുകയും മാപ്പ് കൊടുക്കുകയും ചെയ്യേണമേ. ഇയാളുടെ (പരലോക) പ്രവേശനം ആദരപൂർവം ആക്കേണമേ. വെള്ളം, മഞ്ഞ്, ഹിമം എന്നിവ കൊണ്ട് ഇയാളെ (ഇയാളുടെ പാപത്തെ) ശുദ്ധിയാക്കേണമേ. വെള്ള വസ്ത്രം അഴുക്കിൽ നിന്ന് ശുദ്ധീകരിക്കപ്പെടുന്നത് പോലെ ഇയാളെ പാപങ്ങളിൽ നിന്ന് ശുദ്ധിയാക്കേണമേ. ഇയാളുടെ ഭവനത്തേക്കാൾ ഉത്തമ ഭവനവും, കുടുംബത്തേക്കാൾ ഉത്തമ കുടുംബവും, ഇണയേക്കാൾ ഉത്തമമായ ഇണയേയും ഇയാൾക്ക് നീ നൽകേണമേ. ഇയാളെ സ്വർഗത്തിൽ പ്രവേശിപ്പിക്കേണമേ. ക്വബ്റിലെയും നരകത്തിലെയും ശിക്ഷയിൽ നിന്ന് ഇയാൾക്ക് നീ രക്ഷ നൽകേണമേ"

WISDOM YOUTH

# മയ്യിത് നമസ്കാരം

## രൂപം

- ✓ നാലാമത്തെ തക്ബീറിന് ശേഷം ചൊല്ലാൻ വിവിധ പ്രാർഥനകൾ വന്നിട്ടുണ്ട്.

സൗകര്യാർഥം അവ ചൊല്ലുകയോ ചൊല്ലാതിരിക്കുകയോ ചെയ്യാം. മയ്യിതിന് വേണ്ടി മറ്റു പ്രാർഥനകളും നിർവഹിക്കാം.

WISDOM YOUTH

# ഹദീസിൽ വന്ന ചില പ്രാർത്ഥനകൾ

اللَّهُمَّ اغْفِرْلِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيرِنَا

وَكَبِيرِنَا وَذَكَرِنَا وَ أُنْثَانَا اللَّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى

الْإِسْلَامِ وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى الْإِيمَانِ اللَّهُمَّ لَا

تَحْرِمْنَا أَجْرَهُ وَلَا تُضِلَّنَا بَعْدَهُ

WISDOM YOUTH

# ഹദീസിൽ വന്ന ചില പ്രാർഥനകൾ

اللَّهُمَّ اغْفِرْلِحَيِّنَا وَمَيِّتِنَا وَشَاهِدِنَا وَغَائِبِنَا وَصَغِيرِنَا وَكَبِيرِنَا وَذَكَرِنَا وَ أُنْثَانَا
اللَّهُمَّ مَنْ أَحْيَيْتَهُ مِنَّا فَأَحْيِهِ عَلَى الْإِسْلَامِ وَمَنْ تَوَفَّيْتَهُ مِنَّا فَتَوَفَّهُ عَلَى
الْإِيمَانِ اللَّهُمَّ لَا تَحْرِمْنَا أَجْرَهُ وَلَا تُضِلَّنَا بَعْدَهُ

**“അല്ലാഹുവേ! ഞങ്ങളിൽ ജീവിച്ചിരിക്കുന്നവർക്കും മരണപ്പെട്ടവർക്കും, ഇവിടെ ഹാജറുള്ളവർക്കും ഹാജറില്ലാത്തവർക്കും, ഞങ്ങളിൽ വലിയവർക്കും ചെറിയവർക്കും, പുരുഷന്മാർക്കും സ്ത്രീകൾക്കും നീ പൊറുത്ത് തരേണമേ. അല്ലാഹുവേ! ഞങ്ങളിൽ നിന്നും നീ ജീവിപ്പിക്കുന്നവരെ ഇസ്‌ലാമിൽ ജീവിപ്പിക്കുകയും, ഞങ്ങളിൽ നിന്നും മരിപ്പിക്കുന്നവരെ നീ സത്യവിശ്വാസത്തോടെ ഈമാനുള്ളവനായി മരിപ്പിക്കുകയും ചെയ്യേണമേ. അല്ലാഹുവേ! ഇദ്ദേഹത്തിന്റെ പേരിലുള്ള (ക്ഷമക്കുള്ള) പ്രതിഫലം ഞങ്ങൾക്ക് നീ നിഷേധിക്കരുതേ. ഇദ്ദേഹത്തിന് ശേഷം ഞങ്ങൾ വഴികേടിൽ (അനിസ്‌ലാമികതയിൽ) ആവുന്നത് നീ കാക്കേണമേ.”**

WISDOM YOUTH

# ഹദീസിൽ വന്ന ചില പ്രാർത്ഥനകൾ

اللَّهُمَّ إِنَّ فُلانَ بْنَ فُلانٍ فِي ذِمَّتِكَ ، وَحَبْلِ جِوَارِكَ ،
فَقِهِ مِنْ فِتْنَةِ الْقَبْرِ وَعَذَابِ النَّارِ، وَ أَنْتَ أَهْلُ الْوَفَاءِ
وَالْحَقِّ ، فَاغْفِرْ لَهُ وَارْحَمْهُ ، إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

WISDOM YOUTH

# ഹദീസിൽ വന്ന ചില പ്രാർഥനകൾ

اللَّهُمَّ إِنَّ فُلانَ بْنَ فُلانٍ فِي ذِمَّتِكَ ، وَحَبْلِ جِوَارِكَ ، فَقِهِ مِنْ فِتْنَةِ الْقَبْرِ وَعَذَابِ النَّارِ، وَ أَنْتَ أَهْلُ الْوَفَاءِ وَالْحَقِّ ، فَاغْفِرْلَهُ وَارْحَمْهُ ، إِنَّكَ أَنْتَ الْغَفُورُ الرَّحِيمُ

**"അല്ലാഹുവേ! ഇന്നവന്റെ പുത്രൻ/പുത്രി ഇന്നയാൾ (വ്യക്തിയുടെ പേരു പറയാം) നിന്റെ പക്കലും നിന്റെ സംരക്ഷണത്തിലുമാണ്. അതിനാൽ നരകശിക്ഷയിൽ നിന്നും ക്വബ്റിലെ ദുരിതത്തിൽ നിന്നും നീ ഇയാളെ സംരക്ഷിക്കേണമേ. നീ വാഗ്ദാനം പാലിക്കുന്നവനും, സത്യസന്ധനുമാണല്ലോ! അതിനാൽ നീ ഇയാൾക്ക് പൊറുത്ത് കൊടുക്കുകയും ഇയാളോട് കരുണ ചെയ്യുകയും ചെയ്യേണമേ. നിശ്ചയം, നീ ഏറ്റവുമധികം പൊറുക്കുന്നവനും ഏറ്റവുമധികം കരുണ ചെയ്യുന്നവനുമാണ്!"**

WISDOM YOUTH

# ഹദീസിൽ വന്ന ചില പ്രാർഥനകൾ

اللَّهُمَّ عَبْدُكَ وَابْنُ أَمَتِكَ، احْتَاجَ إِلَى رَحْمَتِكَ،

وَأَنْتَ غَنِيٌّ عَنْ عَذَابِهِ، إِنْ كَانَ مُحْسِنًا فَزِدْ فِي

حَسَنَاتِهِ، وَإِنْ كَانَ مُسِيئًا فَتَجَاوَزْ عَنْهُ

WISDOM YOUTH

# ഹദീസിൽ വന്ന ചില പ്രാർഥനകൾ

اللَّهُمَّ عَبْدُكَ وَابْنُ أَمَتِكَ، احْتَاجَ إِلَى رَحْمَتِكَ، وَأَنْتَ غَنِيٌّ عَنْ عَذَابِهِ،
إِنْ كَانَ مُحْسِنًا فَزِدْ فِي حَسَنَاتِهِ، وَإِنْ كَانَ مُسِيئًا فَتَجَاوَزْ عَنْهُ

"അല്ലാഹുവേ! നിന്റെ ദാസൻ, നിന്റെ ദാസിയുടെ പുത്രൻ/പുത്രി ഇതാ നിന്റെ കാരുണ്യത്തിന് ഏറെ ആവശ്യമായിരിക്കുന്നു; നീ ഇദ്ദേഹത്തെ ശിക്ഷിക്കേണ്ട ആവശ്യമില്ലാത്തവനാണ്; ഇദ്ദേഹം നന്മ പ്രവർത്തിച്ചവനാണെങ്കിൽ. ഇദ്ദേഹത്തിന്റെ നന്മയെ (പ്രതിഫലത്തെ) നീ വർധിപ്പിക്കേണമേ; ഇദ്ദേഹം തിന്മ പ്രവർത്തിച്ചവനാണെങ്കിൽ അത് നീ വിട്ടുവീഴ്ച ചെയ്യേണമേ."

WISDOM YOUTH

# ജനാസ നിസ്കാരത്തിലെ പ്രാർഥനയുമായി ബന്ധപ്പെട്ട ചില സംശയങ്ങൾക്കുള്ള മറുപടികൾ

YouTube



മയ്യിത്ത് നമസ്കാരത്തിൽ **3** ഉം **4** ഉം തക്ബീറിന് ശേഷം ദുആ അറിയാത്തവർ എന്ത് ചൊല്ലണം?

Alijaba • 1.8K views • 6 months ago

YouTube



മയ്യിത്ത് നമസ്കാരത്തിൽ നാലാമത്തെ തക്ബീറിനു ശേഷം ദുആ ചൊല്ലേണ്ടതില്ല എന്ന് കേട്ടു ശെരിയാണോ ?

Alijaba • 148 views • 7 months ago

WISDOM YOUTH

## മരണപ്പെട്ടത് ചെറിയ കുട്ടിയാണെങ്കിൽ നിസ്കാരത്തിൽ പ്രാർത്ഥിക്കാവുന്ന പ്രാർത്ഥനകൾ :

# اللَّهُمَّ اجْعَلْهُ لَنَا فَرَطًا، وَسَلَفًا وَأَجْرًا

**“അല്ലാഹുവേ, ഇവനെ ഞങ്ങൾക്ക് (പരലോകത്തേക്ക്) മുൻകൂട്ടിയുള്ള പ്രതിഫലവും നിക്ഷേപവും ആക്കിത്തീർക്കണമേ”**

## മരണപ്പെട്ടത് ചെറിയ കുട്ടിയാണെങ്കിൽ നിസ്കാരത്തിൽ പ്രാർഥിക്കാവുന്ന പ്രാർഥനകൾ :

اللَّهُمَّ أَعِذْهُ مِنْ عَذَابِ الْقَبْرِ

“അല്ലാഹുവേ! ക്വബ്ർ ശിക്ഷയിൽ നിന്ന് ഇവന് (ഇവൾക്ക്) നീ മോക്ഷം നൽകേണമേ.”

WISDOM YOUTH

## മരണപ്പെട്ടത് ചെറിയ കുട്ടിയാണെങ്കിൽ നിസ്കാരത്തിൽ പ്രാർത്ഥിക്കാവുന്ന പ്രാർത്ഥനകൾ :

اللَّهُمَّ اجْعَلْهُ فَرَطًا وَذُخْرًا لِوَالِدَيهِ، وَشَفِيعًا مُجابًا، اللَّهُمَّ ثَقِّلْ بِهِ مَوَازِينَهُمَا، وَأَعْظِمْ بِهِ أُجُورَهُمَا، وَأَلْحِقْهُ بِصَالِحِ الْمُؤْمِنِينَ، وَاجْعَلْهُ فِي كَفَالَةِ إِبْرَاهِيمَ، وَقِهِ بِرَحْمَتِكَ عَذَابَ الْجَحِيمِ، وَ أَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ، وَأَهْلاً خَيْرًا مِنْ أَهْلِهِ، اللَّهُمَّ اغْفِرْ لِأَسْلاَفِنَا، وَ أَفْرَاطِنَا، وَمَنْ سَبَقَنَا بِالْإِيمَانِ

WISDOM YOUTH

# മരണപ്പെട്ടത് ചെറിയ കുട്ടിയാണെങ്കിൽ നിസ്കാരത്തിൽ പ്രാർത്ഥിക്കാവുന്ന പ്രാർത്ഥനകൾ :

اللَّهُمَّ اجْعَلْهُ فَرَطًا وَذُخْرًا لِوَالِدَيهِ، وَشَفِيعًا مُجابًا، اللَّهُمَّ ثَقِّلْ بِهِ مَوَازِينَهُمَا، وَأَعْظِمْ بِهِ أُجُورَهُمَا، وَأَلْحِقْهُ بِصَالِحِ الْمُؤْمِنِينَ، وَاجْعَلْهُ فِي كَفَالَةِ إِبْرَاهِيمَ، وَقِهِ بِرَحْمَتِكَ عَذَابَ الْجَحِيمِ، وَ أَبْدِلْهُ دَارًا خَيْرًا مِنْ دَارِهِ، وَأَهْلاً خَيْرًا مِنْ أَهْلِهِ، اللَّهُمَّ اغْفِرْ لِأَسْلاَفِنَا، وَ أَفْرَاطِنَا، وَمَنْ سَبَقَنَا بِالْإِيمَانِ

“അല്ലാഹുവേ! ഇവനെ ഇവന്റെ മാതാപിതാക്കൾക്ക് മുൻകൂട്ടിയുള്ള പ്രതിഫലവും, സൂക്ഷിക്കപ്പെട്ട നിക്ഷേപവും, ഉത്തരം ലഭിക്കപ്പെടുന്ന ശുപാർശകനും ആക്കേണമേ. അല്ലാഹുവേ! ഇവൻ കാരണത്താൽ അവരുടെ പരലോകത്തെ പ്രതിഫല ത്രാസ് ഭാരമാക്കുകയും അവരുടെ പ്രതിഫലം മഹത്തരമാക്കുകയും ചെയ്യേണമേ. ഇവനെ സജ്ജനങ്ങളിൽ ചേർക്കുകയും, (പരലോകത്ത്) ഇബ്റാഹീം (അ) ന്റെ സംരക്ഷണത്തിലാക്കുകയും ചെയ്യേണമേ. നിന്റെ കാരുണ്യം കൊണ്ട് ഇവനെ നരക ശിക്ഷയിൽ നിന്ന് രക്ഷിക്കുകയും, ഇവന്റെ വീടിനേക്കാൾ ഉത്തമമായ വീടും, ഇവന്റെ കുടുബത്തേക്കാൾ ഉത്തമമായ കുടുബവും ഇവന് പകരം നൽകുകയും ചെയ്യേണമേ. അല്ലാഹുവേ! ഞങ്ങളിലെ പൂർവ്വികർക്കും ശിശുക്കൾക്കും ഞങ്ങളുടെ മുമ്പുണ്ടായിരുന്ന സത്യവിശ്വാസികൾക്കും നീ പൊറുത്ത് കൊടുക്കേണമേ.”

WISDOM YOUTH

# മയ്യിത് നമസ്കാരം

## രൂപം

സലാം വീട്ടുമ്പോൾ

السَّلَامُ عَلَيْكُمْ وَرَحْمَةُ اللّٰه

എന്നോ

السَّلَامُ عَلَيْكُمْ وَرَحْمَةُ اللّٰهِ وَبَرَكَاتُهُ

എന്നോ പറയാവുന്നതാണ്

WISDOM YOUTH

# മയ്യിത് നമസ്കാരം

## രൂപം

- മയ്യിത് നിസ്കാരത്തിൽ മാത്രം സലാം വീട്ടുന്നതിന് ഒരു പ്രത്യേക രീതി ഇല്ല.
- സാധാരണ എല്ലാ നിസ്കാരത്തിലും ഈ 2 രീതിയിലും സലാം വീട്ടാവുന്നതാണ്.

WISDOM YOUTH

# ജനാസ നിസ്കാരവുമായി ബന്ധപ്പെട്ട ചില സംശയങ്ങൾക്കുള്ള മറുപടികൾ

YouTube




YouTube




YouTube




YouTube



- ✓ സ്ത്രീകൾക്കും ജനാസ നിസ്കാരം നിർവഹിക്കാവുന്നതാണ്
- ✓ വീട്ടിൽ വെച്ചുള്ള നിസ്കാരത്തിൽ നിന്ന് അവരെ തടയാൻ പാടില്ലാത്തതാണ്



# മയ്യിത്ത്
# മറവ് ചെയ്യൽ

# മറവ് ചെയ്യുമ്പോൾ

1 മൂന്ന് / ആവശ്യമായ ആളുകൾ പിടിച്ചു മയ്യിതിനെ പതിയെ ക്വബ്റിലേക്ക് ഇറക്കുക.

2 മധ്യ ഭാഗത്ത് തോർത്ത് കൊണ്ടോ മറ്റോ ഒരു കെട്ട് ഇടുക, ക്വബ്റിലേക്ക് ഇറക്കുമ്പോൾ പിടുത്തം കിട്ടാൻ ആണ് ഇത്.
(ഇതും ഇരുഭാഗത്തുമുള്ള തുണിയുടെ നീളമുള്ള ഭാഗവും പിടിച്ചു ക്വബ്റിലേക്ക് ഇറക്കുക).

WISDOM YOUTH

# മറവ് ചെയ്യുമ്പോൾ

3 ക്വബ്റിൽ വലതുഭാഗം ക്വിബ്ലയ്ക്ക് അഭിമുഖമായി ശരീരം ചരിച്ചു കിടത്തുക.

4 ക്വബ്റിലേക്ക് കിടത്തുമ്പോൾ

بِسْمِ اللهِ وَعَلَى سُنَّةِ رَسُولِ اللهِ ﷺ / بِسْمِ اللهِ وَعَلَى مِلَّةِ رَسُولِ اللهِ ﷺ

എന്ന് ചൊല്ലുക.

5 കഫൻ തുണി കെട്ടിയ മൂന്ന് കെട്ടുകൾ അഴിച്ച് ക്വബ്റിലിടുക.

# മറവ് ചെയ്യുമ്പോൾ

6 മുട്ടുകാലിൽ ഊന്നി നിന്നുകൊണ്ട് സാവധാനം ഖബ്റിന്റെ ഉൾഭാഗത്ത് കിടത്തുക.

7 കല്ലോ മറ്റോ ഉൾഭാഗത്തെ ഖബ്റിൽ വെച്ചതിനു ശേഷം ആണ് മണ്ണിടേണ്ടത്.

WISDOM YOUTH

# മറവ് ചെയ്യുമ്പോൾ

**8** അവിടെ ഹാജരായ ആളുകൾ മൂന്ന് പിടി മണ്ണ് വാരി ഇടുക.

- മണ്ണ് വാരി ഇടുമ്പോൾ പ്രത്യേക പ്രാർഥന പഠിപ്പിക്കപ്പെട്ടിട്ടില്ല
- ഇരു കൈകൾ കൊണ്ട് തന്നെ കോരിയിടണം എന്ന സുന്നത്ത് ഇല്ല.

WISDOM YOUTH

# മറവ് ചെയ്യുമ്പോൾ

**9** ക്വബ്റ് മൂടിയതിനു ശേഷം മയ്യിതിന്റെ 'തസ്ബീത്തിനു' (സ്ഥൈര്യത്തിന്) വേണ്ടി തേടുക.

- തസ്ബീത്തിനായി പ്രത്യേക പ്രാർഥന ഹദീസുകളിൽ പഠിപ്പിക്കപ്പെട്ടിട്ടില്ല.
- മയ്യിതിന് ക്വബ്റിൽ സ്ഥൈര്യവും രക്ഷയും കിട്ടുന്ന ഏത് പ്രാർഥനയും ഏത് ഭാഷയിലും ചൊല്ലാം.
- ഒരാൾ ചൊല്ലിക്കൊടുക്കുക, മറ്റുള്ളവർ ഏറ്റ് പറയുക എന്ന രീതി ശരിയല്ല, ഓരോരുത്തരും ഒറ്റക്കൊറ്റക്ക് ചൊല്ലുകയാണ് വേണ്ടത്.
- തസ്ബീത് ഉറക്കെ ചൊല്ലലും പ്രമാണങ്ങളിൽ വന്നിട്ടില്ല.

WISDOM YOUTH

# മറവ് ചെയ്യുമ്പോൾ

10 ക്വബ്റ് തിരിച്ചറിയാൻ വേണ്ടി അടയാളങ്ങൾ വെക്കാം.

- പേരോ ഡേറ്റോ എഴുതേണ്ടതില്ല.
- ക്വബ്റ് ഒരു ചാണിലധികം ഉയർത്താൻ പാടില്ല

11 മയ്യിതിന് വേണ്ടി ആത്മാർഥമായി പ്രാർഥിക്കുക.

12 പ്രത്യേക ദിനം കണക്കാതെ ക്വബ്റ് സന്ദർശിക്കലും അവർക്ക് വേണ്ടി പ്രാർഥിക്കലും പുണ്യകരമാണ്.

WISDOM YOUTH

# ക്വബ്റ് നിവാസികൾക്ക് വേണ്ടിയുള്ള പ്രാർഥന

السَّلَامُ عَلَيْكُمْ أَهْلَ الدِّيَارِمِنَ الْمُؤْمِنِينَ وَالْمُسْلِمِينَ ، وَ إِنَّا
إِنْ شَاءَ اللهُ بِكُمْ لَاحِقُونَ ، نَسْأَلُ اللهَ لَنَا وَلَكُمُ الْعَافِيَةَ

“ഈ (ക്വബ്ർ) പാർപ്പിടങ്ങളിലുള്ള മുസ്‌ലിംകളും
മുഅ്മിനുകളുമായവരേ, നിങ്ങളുടെ മേൽ അല്ലാഹുവിന്റെ രക്ഷയും
സമാധാനവും ഉണ്ടാകട്ടെ; അല്ലാഹു ഉദ്ദേശിച്ചാൽ തീർച്ചയായും ഞങ്ങളും
നിങ്ങളോടൊപ്പം വന്നു ചേരേണ്ടവർ തന്നെയാണ്. ഞങ്ങൾക്കും
നിങ്ങൾക്കും (മാപ്പും) സൗഖ്യവും നൽകുവാൻ ഞങ്ങൾ
അല്ലാഹുവിനോട് പ്രാർഥിക്കുന്നു.”

WISDOM YOUTH

# ക്വബ്റ് വാസികൾക്ക് വേണ്ടിയുള്ള പ്രാർത്ഥന

السَّلَامُ عَلَى أَهْلِ الدِّيَارِمِنَ الْمُؤْمِنِينَ وَالْمُسْلِمِينَ ، وَيَرْحَمُ اللهُ الْمُسْتَقْدِمِينَ مِنَّا وَالْمُسْتَأْخِرِينَ، وَ إِنَّا إِنْ شَاءَ اللهُ بِكُمْ لَلاَحِقُونَ، أَسْأَلُ اللهَ لَنَاَ وَلَكُمُ الْعَافِيَةَ

"ഈ (ക്വബ്ർ) പാർപ്പിടത്തിലെ മുസ്‌ലിംകളുടെ മേലും മുഅ്മിനുകളുടെ മേലും അല്ലാഹുവിന്റെ രക്ഷയും സമാധാനവും ഉണ്ടാകട്ടെ; അല്ലാഹു ഞങ്ങളിലെ മുൻഗാമികളിലും പിൻഗാമികളിലും കരുണ ചൊരിയട്ടെ. അല്ലാഹു കണക്കാക്കുമ്പോൾ ഞങ്ങളും നിങ്ങളോടൊപ്പം വന്നുചേരുന്നതാണ്. ഞങ്ങൾക്കും നിങ്ങൾക്കും (മാപ്പും) സൗഖ്യവും നൽകാൻ ഞാൻ അല്ലാഹുവിനോട് പ്രാർഥിക്കുന്നു."

WISDOM YOUTH

# ജനാസ മറവ് ചെയ്യലുമായി ബന്ധപ്പെട്ട ചില സംശയങ്ങൾക്കുള്ള മറുപടികൾ

YouTube




YouTube




WISDOM YOUTH

# മയ്യിത്ത് ക്വബ്റടക്കൽ

WISDOM YOUTH

# ക്വബ്റടക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. എഴുത്തു കുത്തുകൾ മയ്യിതിനൊപ്പം വെക്കുന്നത് ഇസ്‌ലാമികമല്ല.

2. ക്വബ്റിന്റെ മുകളിൽ ചെടികൾ നടുന്നത് ഒഴിവാക്കുക, അത് നബിചര്യയല്ല.

WISDOM YOUTH

# ക്വുര്‍ബാനീയ ഉടക്കുമ്പോള്‍

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

3. നിസ്കരിക്കുന്നതിനു നേരെയോ, കന്നുകാലികൾ മേയുന്ന സ്ഥലത്തോ മറവ് ചെയ്യാതിരിക്കുക.

4. വന്യ ജീവികൾ ആക്രമിക്കുന്ന ഭയമുണ്ടെങ്കിൽ ചുറ്റുമതിൽ സ്ഥാപിക്കുക.

WISDOM YOUTH

# ഖബ്റടക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**5** ഖബ്റ് ഒരു ചാണിലധികം ഉയർത്താനോ കുമ്മായം ഇടാനോ അതിന്മേൽ എടുപ്പ് ഉണ്ടാക്കാനോ പാടില്ല.

**6** 3 സമയങ്ങളിൽ മറമാടുന്നത് ഒഴിവാക്കുക :

1. സുബ്ഹി കഴിഞ്ഞ് സൂര്യനുദിച്ചു കുറച്ചു കഴിയുന്നത് വരെ.
2. നട്ടുച്ച നേരത്ത്.
3. സൂര്യാസ്തമയത്തിന് തൊട്ട് മുമ്പ്.

WISDOM YOUTH

# ക്വബ്റടക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

7 ക്വബ്ർ സ്ഥാനം നിസ്കരിക്കുന്നവരുടെ മുൻ (ക്വിബ്ലയുടെ) ഭാഗത്ത് ആണെങ്കിൽ പള്ളിയുമായി വേർതിരിക്കുന്ന രൂപത്തിൽ അതിന് ഒരു മതിലോ ചുമരോ ഉണ്ടായിരിക്കേണ്ടതാണ്.

WISDOM YOUTH

# ക്വബ്റടക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

**8** ഖബ്ർ സ്ഥാനിൽ ചെരിപ്പ് ധരിക്കാതെ നടക്കലാണ് സുന്നത്ത്.

ചെരിപ്പ് ധരിച്ച് ക്വബ്റുകൾക്കിടയിലൂടെ നടന്ന വ്യക്തിയോട്
നബി ﷺ പറഞ്ഞു :

"നിന്റെ ചെരിപ്പുകൾ അഴിച്ചു വെക്കുക" "أَلْقِ سِبْتِيَّتَيْكَ"

(أبو داود 3230 :، حسنه الألباني وصححه في صحيح الجامع)

WISDOM YOUTH

# ക്വബ്റടക്കുമ്പോൾ

## ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ചെരിപ്പ് ധരിക്കാതെ നടക്കൽ സുന്നത് മാത്രമാണ്, നിർബന്ധമല്ല. മുള്ളുകളും മറ്റു പ്രയാസങ്ങളും ഉള്ള ക്വബ്റിടമാണെങ്കിൽ ബുദ്ധിമുട്ടി ചെരിപ്പ് അഴിക്കണമെന്നില്ല; പ്രത്യേകിച്ച് പ്രമേഹ രോഗികളും മറ്റും.

WISDOM YOUTH

- കഫൻ ചെയ്യുമ്പോഴും, മയ്യിത് എടുക്കുമ്പോഴും, ക്വബ്റിൽ വെക്കുമ്പോഴും, ശേഷവും എല്ലാം പ്രത്യേകം പ്രാർഥനകളും ദിക്റുകളും ക്വുർആൻ പാരായണവും മറ്റും ചെയ്യുന്നതും അനാചാരങ്ങളാണ്
- മരണ ശേഷം 3,5,15,40 തുടങ്ങിയ ആണ്ടുകൾ നടത്തുന്നത് ഇതര മതത്തിലെ ആചാരങ്ങളും നബി ﷺ പഠിപ്പിക്കാത്തതും ആണ്.

WISDOM YOUTH

# മയ്യിത് സംസ്കരണ മുറകൾ വിശദമായി കണ്ട് മനസ്സിലാക്കുവാൻ താഴെ ക്ലിക്ക് ചെയ്യുക




മയ്യിത്ത് സംസ്കരണം : പ്രായോഗിക പരിശീലനം,സംശയനിവാരണം | കുളിപ്പിക്കൽ, കഫൻ ചെയ്യൽ | Mayyith Paripalanam


183K views • Streamed 3 years ago

Wisdom Global TV

മയ്യിത്ത് കുളിപ്പിക്കലും കഫൻ ചെയ്യലും അടങ്ങുന്ന മയ്യിത്ത് ...

WISDOM YOUTH

## മയ്യിത് സംസ്കരണവുമായി ബന്ധപ്പെട്ട മറ്റു സംശയങ്ങൾ ദുരീകരിക്കാൻ താഴെ ക്ലിക്ക് ചെയ്യുക




**ജനാസ സംസ്കരണം**
**YouTube Playlist**

# മയ്യിത്ത്

## സംസ്കരണം

### സചിത്ര വിവരണം


തയ്യാറാക്കിയത് :
സഫീർ അൽ ഹികമി, ഷംജിത്ത്.കെ.എം

പരിശോധന:
മുഹമ്മദ് സ്വാദിഖ് മദീനി, അബൂബക്ർ സലഫി


പ്രാർഥനയിൽ ഉൾപ്പെടുത്തുമല്ലോ


WISDOM ISLAMIC ORGANIZATION | peaceradio Tune to reality

WISDOM YOUTH